
# പ്രതീക്ഷയുടെ പൂമൊട്ടുകൾ

Pratheekshayude Poomottukal

വാല്യം 42 ലക്കം 2
വാർഷിക വരിസംഖ്യ ₹ 100
Vol 42 No. 2
Annual Subscription ₹100



പ്രോസാങ്ടിറ്റി പബ്ലിക്കേഷൻസ്
മാർച്ച് 2024



**വിശുദ്ധിയുടെ മാതൃകയായ**
**മറിയത്തിന്റെ വിമലഹൃദയമേ**
**വിശുദ്ധരാകാമെന്ന പ്രത്യാശ**
**ഞങ്ങൾക്ക് നല്കണമേ**

"തിരുവചനംവഴിയായ്
കന്യകതന്നുദരേ
ദൈവം നരനായി
വിണ്ണിൻ മഹിമ വെടിഞ്ഞുടയോൻ
അവളിൽ നിവസിച്ചതിമോദാൽ
കല്ലറ മുദ്രിതമെന്നാലും
മഹിമാപൂർവമുയിർത്തതുപോൽ
തിരുനാഥൻ മന്നിൽ ആഗതനായ്"
(ഉയിർപ്പുകാലം, റംശാ- നാലാം ബുധൻ)

# പ്രതീക്ഷയുടെ പൂമൊട്ടുകൾ

**Pratheekshayude Poomottukal**
**Vol. 42 No. 2**

**വാല്യം 42 ലക്കം 2 ഉയിർപ്പുകാലം മാർച്ച് 2024**

***"ഇതാണ് ദൈവഹിതം, നിങ്ങളുടെ വിശുദ്ധീകരണം"*** (1 തെസ 4,3)

രക്ഷാധികാരി:
**ആർച്ചുബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം**

**എഡിറ്റോറിയൽ ബോർഡ്**

ചീഫ് എഡിറ്റർ:
**മല്പാൻ റവ. ഡോ. മാത്യു വെള്ളാനിക്കൽ**

മാനേജിംഗ് എഡിറ്റർ:
**ഫ്ളവറി ചോതിരക്കുന്നേൽ A.O.**

എക്സിക്യൂട്ടീവ് എഡിറ്റർ:
**ഷിനി തെരേസ് മുതുപ്ലാക്കൽ A.O.**

പത്രാധിപസമിതി:
**റവ. ഫാ. സെബാസ്റ്റ്യൻ മുതുപ്ലാക്കൽ**
**ഡോ. അനു കുരിശുംമൂട്ടിൽ A.O.**
**സ്റ്റെഫി മംഗലത്തുകുന്നേൽ A.O.**
**സിജി കുന്നത്ത് A.O.**

അഡ്വൈസറി ബോർഡ്:
**റവ. ഡോ. സെബാസ്റ്റ്യൻ കൊല്ലംകുന്നേൽ**
**റവ. ഫാ. ജോസഫ് പുത്തൻപറമ്പിൽ**
**വിൽസൺ ജോർജ്ജ് അറയ്ക്കൽ** M.A. Mphil

സർക്കുലേഷൻ മാനേജേഴ്സ്:
**ജെനി കഴുന്നടിയിൽ A.O.**
**മിസ്റ്റർ കുര്യൻ മാത്യു ഇല്ലിക്കൽ**
**മിസ്റ്റർ അബ്രാഹം പുന്നാടംപാക്കൽ**

ഫിനാൻസ് മാനേജർ:
**അനിത ആത്രശ്ശേരിയിൽ A.O.**

കവർ ഡിസൈനിംഗ് & ലേഔട്ട്
**ജെ.എസ്. ഗ്രാഫിക്സ്**

**വാർഷിക വരിസംഖ്യ ₹ 100/-**

പ്രിന്റിംഗ്:
വി.ജി. പ്രിന്റേഴ്സ്, മാങ്ങാനം.
Email: wigipress@gmail.com

**പ്രോസാണ്ടിറ്റി പബ്ളിക്കേഷൻസ്**
**സ്പിരിച്ചാലിറ്റി സെന്റർ**
**മാങ്ങാനം പി. ഒ., കോട്ടയം 686 018**
**ഫോൺ: 9497588192**
**Email: psmktm@gmail.com**

## ഉള്ളടക്കം

- എമ്മാവൂസ് സംഭവവും കുർബാനയർപ്പണവും 5
- എന്നും കൂടെയുള്ളവൻ 8
- പ്രതീക്ഷ വിതയ്ക്കാം 10
- യെഹോഷാഫാത്ത് 12
- ഉത്ഥിതൻ 15
- സമഗ്ര പരിസ്ഥിതി വിജ്ഞാനീയം 16
- ഉത്ഥിതനും ഞാനും 18
- സ്നേഹത്തിന്റെ നിർബന്ധങ്ങൾ 20
- ഒളിമങ്ങാത്ത സ്നേഹം 22
- കൗമാരം പ്രശ്നകലുഷിതമോ? 24
- സെനക്കിൾ തരംഗം 27
- ഉരുട്ടിമാറ്റാത്ത കല്ലുകൾ 28
- അമ്മയോടൊപ്പം 30

എഡിറ്റോറിയൽ

# പ്രത്യാശയുടെ പുലരി

**മൂ**ന്നു വർഷം ഊണിലും ഉറക്കത്തിലും കൂടെക്കൂട്ടിയവൻ ചൊല്ലിത്തന്നതും കാട്ടിത്തന്നതുമൊന്നും ഉത്ഥിതന്റെ അസാന്നിദ്ധ്യത്തിൽ ശ്ലീഹന്മാർ ഓർത്തില്ല. അവന്റെ ശൂന്യമായ കല്ലറയും (യോഹ 20,1-10) അവന്റെ പ്രത്യക്ഷീകരണവും (യോഹ 20,19-23) അവന്റെ മുറിപ്പാടുകളും (യോഹ 20,24-29) അനുഭവിച്ചറിഞ്ഞിട്ടും ഭാവിയെക്കുറിച്ചുള്ള ആകുലതകൾ അവരെ വിട്ടുമാറിയിരുന്നില്ല. അവരിലേഴു പേർ പണ്ടു തങ്ങൾ വലിച്ചെറിഞ്ഞ വള്ളവും വലയും വീണ്ടെടുത്ത് വെളുക്കുവോളം വലവീശിയെങ്കിലും വിശപ്പുമാറ്റുവാൻ ഒന്നും കിട്ടിയില്ല.

താൻ ഏല്പിച്ച ഉത്തരവാദിത്വങ്ങൾ മറന്ന് പഴയ ജീവിതത്തിലേക്കു തിരിച്ചുപോയ അവരെ ഉത്ഥിതനീശോ കുറ്റപ്പെടുത്തിയില്ല; പകരം അവനവരെ വാത്സല്യത്തോടെ 'കുഞ്ഞുങ്ങളേ' എന്നു വിളിക്കുന്നു. ആഴക്കടലിൽനിന്നും തിരികെയെത്തിയവരെ കടൽക്കരയിൽ കാവലാളായവൻ കരുണയോടെ കാത്തുനിന്നിരുന്നു. രാത്രിയിലെ ഫലരഹിതമായ അദ്ധ്വാനത്താൽ മനസ്സും ശരീരവും തളർന്നവർക്ക് പ്രകാശമായവൻതന്നെ പ്രഭാതത്തിൽ പ്രാതലൊരുക്കുന്നു.

അവന്റെ നിർദ്ദേശമനുസരിച്ചപ്പോൾ അവർക്കു ലഭിച്ചത് സമൃദ്ധിയുടെ ചാകര...! 'കർത്താവി'ല്ലാത്ത കർമ്മങ്ങൾ നിഷ്ഫലങ്ങളെന്നും അവന്റെ സാന്നിദ്ധ്യം നിറവുകളുടെ നിറം പകരുന്നുവെന്നും മനുഷ്യരാശിയെ ഓർമ്മിപ്പിക്കുന്നതാണത്. ലോകത്തിന്റെ പ്രകാശമായവൻ കൂടെയുണ്ടെങ്കിലേ ജീവിതത്തിന്റെ ഇരുണ്ട രാത്രികൾ പ്രത്യാശയുടെ പുലരികൾക്കു വഴിമാറൂ. കരുത്തനായവൻ കരം പിടിക്കുമ്പോൾ അവിടെ നിരാശകൾക്കും നഷ്ടബോധത്തിനും സ്ഥാനമില്ല. ദൈവസാന്നിദ്ധ്യത്തിലേക്കു മിഴി തുറക്കാനുള്ള വിശ്വാസക്കാഴ്ച നമുക്കുണ്ടായാൽ മതി. ഈ ഉയിർപ്പുകാലം അതിനു നമ്മെ സഹായിക്കട്ടെ.

ചീഫ് എഡിറ്റർ



സെനക്കിൾ ആദ്ധ്യാത്മികത - 92



# എമ്മാവൂസ് സംഭവവും കുർബാനയർപ്പണവും

**റവ. മല്പാൻ മാത്യു വെള്ളാനിക്കൽ**

**വി.** ലൂക്കായുടെ സുവിശേഷം 24-ാം അദ്ധ്യായം 13 മുതൽ 35 വരെയുള്ള വാക്യങ്ങളിൽ വിവരിക്കുന്ന 'എമ്മാവൂസ് സംഭവം' ഉത്ഥിതനായ മിശിഹാ അർപ്പിച്ച ആദ്യ പരിശുദ്ധ കുർബാനയായാണെന്നു പറയാം. പരിശുദ്ധ കുർബാനയുടെ വചനശുശ്രൂഷ, കൂദാശാശുശ്രൂഷ എന്നീ രണ്ടു ഭാഗങ്ങളും ആ വിവരണത്തിൽ കാണുന്നുണ്ട്. ലൂക്കാ 24,13-27 വരെയുള്ള ഭാഗം വചനശുശ്രൂഷയെ പ്രതിനിധീകരിക്കുന്നെങ്കിൽ, ലൂക്കാ 24,28-35 വരെയുള്ള ഭാഗം കൂദാശാശുശ്രൂഷയെ പ്രതിനിധീകരിക്കുന്നു.

### ഉത്ഥിതനായ മിശിഹായോടുകൂടിയുള്ള യാത്ര

ഉത്ഥിതനായ മിശിഹായുടെ ആദ്യ പ്രത്യക്ഷീകരണമാണ് ലൂക്കാ 24,13-35 വിവരിക്കുന്നത്. ഉയിർപ്പിന്റെ ദിവസം ജറുസലേമിൽനിന്ന് ഏകദേശം പതിനൊന്നു കിലോമീറ്റർ ദൂരത്തുള്ള എമ്മാവൂസിലേക്കു പോകുന്ന രണ്ടു പേർ പന്ത്രണ്ടു ശ്ലീഹന്മാരോടുകൂടെയുണ്ടായിരുന്ന ശിഷ്യസമൂഹത്തിൽപെട്ടവരാണ്. അവർ ഈശോ ഉയിർത്തു എന്ന് സ്ത്രീകൾ പറഞ്ഞ് അറിഞ്ഞവരും,

അവരെ വിശ്വസിക്കാത്തവരുമാണ് (ലൂക്കാ 24,9). 'രണ്ടു പേർ' നിയമാവർത്തന പുസ്തകത്തിൽ പറയുന്നതുപോലെ, സാക്ഷ്യത്തിന്റെ ഉറപ്പിനുവേണ്ടിയായിരിക്കണം (നിയ 19,15). നടപടിഗ്രന്ഥത്തിൽ കാണുന്നതുപോലെ പത്രോസിന്റെ നേതൃത്വത്തിൽ ഒന്നിച്ചുകൂടിയിരുന്ന ആദിമശിഷ്യഗണത്തിൽപെട്ടവരിൽ രണ്ടുപേർ ആയിരിക്കണം അവർ (ശ്ലീഹ 1,15). ഈശോയുടെ ഉയിർപ്പു വാർത്ത കേട്ടവരുടെ ആദ്യത്തെ യാത്രയാണിത്. അതായിരുന്നു അവരുടെ സംസാരവിഷയം. ഈശോ അടുത്തെത്തി അവരോടൊപ്പം യാത്ര ചെയ്തു (ലൂക്കാ 24,15). ഉത്ഥിതനായ മിശിഹായോടൊപ്പം നാമായിരിക്കുന്ന അവസരമാണ് പരിശുദ്ധ കുർബാന.

**സംസാരവിഷയമായ ഈശോ**

അവരുടെ സംസാരത്തിന്റെയും അന്വേഷണത്തിന്റെയും വിഷയമായ ഈശോ അവരുടെ കൂടെ യാത്ര ചെയ്തുകൊണ്ടിരുന്നിട്ടും അവർക്ക് അവനെ തിരിച്ചറിയാൻ കഴിയാത്തവിധം അവരുടെ കണ്ണുകൾ മൂടപ്പെട്ടിരുന്നു (ലൂക്കാ 24,16). കുരുടർക്കു കാഴ്ച നല്കിയ ഈശോതന്നെ അവരുടെ കണ്ണുകൾ തുറക്കുന്നു. അതിന് അവിടുന്ന് ആദ്യം അവരുടെ സംസാരവിഷയം ചോദിച്ചറിയുന്നു. അപ്പോൾ അവർ മ്ലാനവദനരായി വഴിയിൽ നില്ക്കുന്നു. ഈ പ്രതികരണം അവരുടെ ദുഃഖവും നിരാശയും, അവരുടെ സംസാരവിഷയത്തെപ്പറ്റി ഈശോയുടെ അപരിചിതത്വത്തെക്കുറിച്ചുള്ള അവരുടെ അതിശയവും സൂചിപ്പിക്കുന്നു. ഈശോയുടെ സംസാരം കേട്ടിട്ടും അവർക്ക് അവനെ തിരിച്ചറിയാൻ സാധിക്കുന്നില്ല. ഒരു പടികൂടി കടന്ന്, പെരുനാൾ പ്രമാണിച്ച് ജറുസലേമിൽ താമസിച്ചിരുന്നിട്ടും, അവിടെ ഈശോയെ സംബന്ധിച്ചു നടന്ന കാര്യങ്ങൾ അറിയാത്ത ഒരു അപരിചിതൻ എന്ന് ഈശോയെ വിളിക്കുന്നു.

**ഹൃദയം ജ്വലിപ്പിക്കുന്ന ഈശോ**

അവരുടെ മന്ദീഭവിച്ച ഹൃദയം ഈശോ ഉജ്ജ്വലിപ്പിച്ചു (24,32). മോശ തുടങ്ങി എല്ലാ പ്രവാചകന്മാരും വിശുദ്ധ ലിഖിതങ്ങളിൽ തന്നെക്കുറിച്ച് എഴുതിയിരുന്നവയെല്ലാം അവൻ അവർക്കു വ്യാഖ്യാനിച്ചു കൊടുത്തു (24,27). വിശുദ്ധഗ്രന്ഥം ആരംഭിക്കുന്നത് മോശയുടെ ലിഖിതങ്ങൾ കൊണ്ടാണ്. യഹൂദർ വിശുദ്ധഗ്രന്ഥത്തെ നിയമം (മോശ), പ്രവാചകന്മാർ, ലിഖിതങ്ങൾ എന്നിങ്ങനെ മൂന്നു ഭാഗങ്ങളായി തിരിച്ചിരുന്നു. ഈശോയുടെ പീഡാനുഭവത്തിന്റെയും മരണത്തിന്റെയും ഉയിർപ്പിന്റെയും അർത്ഥമറിയാനും വിശ്വസിക്കാനും എത്രയോ പ്രവചനങ്ങളും സങ്കീർത്തനങ്ങളുമുണ്ടായിരുന്നു (ഏശ 52-53; സങ്കീ 2,16; 31,110-111; 118; ദാനി 7,13-14). അവയൊന്നും മനസ്സിലാക്കാതെയും വിശ്വസിക്കാനാവാതെയും അവരുടെ ഹൃദയം മന്ദീഭവിച്ചിരുന്നു. എല്ലാ പ്രവാചകന്മാരും തിരുലിഖിതങ്ങളിൽ എഴുതിയിട്ടുള്ളത് ഈശോ വ്യാഖ്യാനിച്ചപ്പോൾ ക്ലെയോപാസിന്റെയും സഹയാത്രികനായ ശിഷ്യന്റെയും ഹൃദയം ജ്വലിച്ചു. ഹൃദയം ജ്വലിച്ചെങ്കിലും കണ്ണു തുറന്നിട്ടില്ല. ഉയിർത്തെഴുന്നേറ്റ ഈശോതന്നെയാണ് തങ്ങളോടു സംസാരിക്കുന്നതെന്ന് അവർക്കു മനസ്സിലായില്ല. എങ്കിലും തുറക്കപ്പെട്ട വചനംകൊണ്ട് ഹൃദയം ജ്വലിച്ചതിനാൽ കണ്ണു തുറക്കുക എളുപ്പമായി. പരിശുദ്ധ കുർബാനയിലെ വചനശുശ്രൂഷയിൽ ഈശോതന്നെയാണ് തിരുലിഖിത വായനകളിലൂടെ നമ്മോടു സംസാരിക്കുന്നത്. കാർമ്മികൻ സുവിശേഷംകൊണ്ടു മുഖം മറച്ചുകൊണ്ട് സമൂഹമധ്യത്തിലേക്കു വരുന്നത് അതിന്റെ സൂചനയാണ്. അതുകൊണ്ട് കുർബാനയിലെ വചനശുശ്രൂഷയിലൂടെ നമ്മുടെ ഹൃദയം ജ്വലിക്കുന്നുണ്ടെന്ന് നാം ഉറപ്പാക്കണം.

## അപ്പം മുറിക്കുന്ന ഈശോ

വഴിയിൽവച്ച് പ്രവാചകവചനം ഗ്രഹിക്കാൻ ഹൃദയം ജ്വലിപ്പിച്ചതിനാൽ അവർ ഈശോയെ കൂടെ താമസിക്കാൻ നിർബന്ധിച്ചു. അതിനു ചൂണ്ടിക്കാട്ടിയ കാരണം 'സന്ധ്യയാകാറായി' എന്നതാണ്. അവർ ഭക്ഷണത്തിനിരുന്നപ്പോൾ "അവൻ അപ്പമെടുത്ത് ആശീർവദിച്ച് മുറിച്ച് അവർക്കു കൊടുത്തു" (24,30). അപ്പോൾ അവരുടെ കണ്ണു തുറന്നു. അവർ അവനെ തിരിച്ചറിഞ്ഞു. പക്ഷേ, അപ്പോൾ അവൻ അവരുടെ മുമ്പിൽനിന്നു മറഞ്ഞു. അവരുടെ ആന്തരികനേത്രങ്ങൾ തുറക്കപ്പെട്ടു. അവരുടെ ഹൃദയം രൂപാന്തരപ്പെട്ടു. അന്ത്യത്താഴത്തിൽ അപ്പമെടുത്ത് ഈശോ ചെയ്ത പ്രവൃത്തികളാണ് ഇവിടെയും അവിടുന്നു ചെയ്തത്. സമയവും അന്ത്യത്താഴത്തിന്റേതുതന്നെ. ഇവിടെ "അപ്പമെടുത്ത് ആശീർവദിച്ചു" എന്നത് 'ദൈവത്തെ വാഴ്ത്തി' എന്നും 'അപ്പം ആശീർവദിച്ചു' എന്നും വ്യാഖ്യാനിക്കാം. അപ്പം മുറിച്ച് അവൻതന്നെ ശിഷ്യന്മാർക്കു കൊടുത്തു. ഈ അപ്പം മുറിക്കൽ ഈശോയുടെ അന്ത്യത്താഴത്തിന്റെ തുടർച്ചയും പൂർത്തീകരണവുമാണ്. "ദൈവരാജ്യത്തിൽ അതു പൂർത്തിയാകുന്നതുവരെ ഞാൻ ഇനി ഇതു ഭക്ഷിക്കുകയില്ല" (ലൂക്കാ 2,18) എന്ന് അന്ത്യത്താഴത്തിൽ ഈശോ പറഞ്ഞിരുന്നു. ഇപ്പോൾ അവൻ സന്ധ്യയ്ക്ക് ശിഷ്യന്മാരോടൊത്ത് അന്ത്യത്താഴത്തിനേക്കാൾ നവമായൊരു രീതിയിൽ ഭക്ഷണത്തിനിരുന്നു. ശ്ലീഹന്മാരോടൊത്ത് വീണ്ടും ഈശോ ഭക്ഷണത്തിനിരുന്നതായി ശ്ലീഹാ 1,4 ൽ പറയുന്നുണ്ടല്ലോ. ദൈവരാജ്യത്തിൽ ഇതു പൂർത്തിയായിത്തുടങ്ങി. ആഗതനായ ഈശോയെ ശിഷ്യന്മാർ തിരിച്ചറിഞ്ഞു. ക്ലെയോപാസും സഹയാത്രികനും ഈശോയെ തിരിച്ചറിഞ്ഞപ്പോൾ അവൻ അവരിൽനിന്ന് അദൃശ്യനായി. അവരുടെ ബാഹ്യനേത്രങ്ങൾക്ക് അവൻ അദൃശ്യനായെങ്കിലും ആന്തരിക കണ്ണുകൾക്കു മുമ്പിൽ അവനുണ്ട്. ഈശോ അപ്രത്യക്ഷനായപ്പോൾ, വഴിയിൽവച്ച് ഈശോ തിരുലിഖിതങ്ങൾ വ്യാഖ്യാനിച്ചു കൊടുത്തുകൊണ്ടിരുന്നപ്പോൾ ഉണ്ടായ അനുഭവം അവർ അന്യോന്യം പറയുകയും, തിരിച്ച് ശ്ലീഹന്മാരുടെ അടുത്തേക്കുപോയി തങ്ങളുടെ മിശിഹാനുഭവം അവരുമായി പങ്കുവയ്ക്കുകയും ചെയ്തു (24,35).

## വചനശുശ്രൂഷയും കൂദാശാശുശ്രൂഷയും

'അപ്പം മുറിക്കൽ' എന്നത് പിന്നീട് ശിഷ്യരുടെ സമൂഹമായ സഭയുടെ ജീവിതശൈലിയായിത്തീർന്നു: "അവർ ശ്ലീഹന്മാരുടെ പ്രബോധനം, കൂട്ടായ്മ, അപ്പം മുറിക്കൽ, പ്രാർത്ഥന എന്നിവയിൽ സദാ താല്പര്യപൂർവം പങ്കുചേർന്നു" (ശ്ലീഹ 2,42). മറ്റു പതിനൊന്നു പേരോടൊത്തുള്ള പത്രോസിന്റെ ശ്ലൈഹിക സുവിശേഷപ്രഘോഷണ ഫലമായി രൂപം കൊണ്ട സഭയുടെ ജീവിതശൈലിയായി 'അപ്പം മുറിക്കൽ' തീർന്നെങ്കിൽ, അതു തീർച്ചയായും ഇന്നു യാഥാർത്ഥ്യമാകുന്നത് പരിശുദ്ധ കുർബാനയർപ്പണത്തിലാണ്. കുർബാനയർപ്പണത്തിൽ വചനശുശ്രൂഷയും കൂദാശാശുശ്രൂഷയുമുള്ളതുകൊണ്ട് എമ്മാവൂസ് അനുഭവം കുർബാനയർപ്പണം എങ്ങനെ നിർവഹിക്കണം എന്നതിന് സൂചന നല്കുന്നുണ്ട്. വചനശുശ്രൂഷയിൽ, ഉത്ഥിതനായ മിശിഹാ നമ്മുടെ മദ്ധ്യേ കടന്നുവന്ന്, വിശുദ്ധലിഖിതങ്ങളിൽ തന്നെപ്പറ്റി എഴുതിയിരിക്കുന്നവയെല്ലാം നമുക്കു വ്യാഖ്യാനിച്ചു തരുന്നു. അതുപോലെതന്നെ, കൂദാശാശുശ്രൂഷയിൽ ഉത്ഥിതനായ മിശിഹാ അപ്പവും വീഞ്ഞും തന്റെ ശരീരരക്തങ്ങളായി മാറ്റി നമുക്ക് കൂദാശാപരമായി സംലഭ്യനായി മാറുന്നു. ഇപ്രകാരം സജീവമായ വിശ്വാസത്തോടെ നാം പരിശുദ്ധ കുർബാനയിൽ പങ്കുചേർന്നാൽ മാത്രമേ അതു നമ്മുടെ ക്രിസ്തീയജീവിതത്തെയും സമർപ്പണജീവിതത്തെയും പരിപോഷിപ്പിക്കുകയുള്ളൂ.



# എന്നും കൂടെയുള്ളവൻ

റവ. ഡോ. തോമസ് പൂവത്താനിക്കുന്നേൽ
കാഞ്ഞിരപ്പള്ളി രൂപത

**ദു:**ഖങ്ങളുടെയും ദുരിതങ്ങളുടെയും കാർമേഘത്തിന്റെ കീഴിലാണ് ഈ ഭൂമിയിലെ പല മനുഷ്യരും. വി. യോഹന്നാന്റെ സുവിശേഷത്തിൽ കർത്താവ് പറയുന്നു: "ഞാൻ നല്ല ഇടയനാകുന്നു" (യോഹ 10,11). ഈ നല്ല ഇടയന്റെ സ്വഭാവം എന്താണെന്ന് സുവിശേഷം പറഞ്ഞു വയ്ക്കുന്നുണ്ട്. ആടുകൾക്കുവേണ്ടി ജീവൻ അർപ്പിക്കുന്നവനാണ് അവിടുന്ന്. ചെന്നായ്ക്കൾ വരുന്നതു കാണുമ്പോൾ ആടുകളെ വിട്ട് പോകുന്ന ഇടയന്മാരെപ്പോലെയല്ല, ആടുകളോട് ചേർന്നു നിൽക്കുന്നവനാണവിടുന്ന്. അവിടുന്ന് പറയുന്നു: ഇടയനായ അവിടുത്തെ അയച്ച നല്ല പിതാവ് അവിടുത്തെ അറിയുന്നതുപോലെ, പിതാവിനെ പുത്രനും അറിയുന്നു. പുത്രനോ പുത്രൻ സ്വന്തമാക്കിയ നമ്മെയും അറിയുന്നു. അങ്ങനെ നമ്മെ അറിയുന്ന, നമ്മുടെ അവസ്ഥ അറിയുന്ന, ഒരു നല്ല ഇടയനാണ് അവിടുന്ന്.

എസക്കിയേലിന്റെ പുസ്തകം അധ്യായം 34 ൽ നാമിപ്രകാരം കാണുന്നു: "ദൈവമായ കർത്താവ് അരുളിച്ചെയ്യുന്നു: ഇതാ, ഞാൻതന്നെ എന്റെ ആടുകളെ അന്വേഷിച്ചു കണ്ടുപിടിക്കും.... ജനതകളുടെ ഇടയിൽ നിന്ന് ഞാനവരെ കൊണ്ടുവരും. രാജ്യങ്ങളിൽനിന്നു ഞാൻ അവയെ ഒരുമിച്ചുകൂട്ടും" (എസ 34,11-13). തിരുവചനം വീണ്ടും പറയുന്നു: "നഷ്ടപ്പെട്ടതിനെ ഞാൻ അന്വേഷിക്കും. വഴിതെറ്റിപ്പോയതിനെ ഞാൻ തിരികെ കൊണ്ടുവരും; മുറിവേറ്റതിനെ ഞാൻ വച്ചുകെട്ടും. ബലഹീനമായതിനെ ഞാൻ ശക്തിപ്പെടുത്തും" (എസ 34,16). നമ്മുടെ ഇടയനായ കർത്താവാണ് ഇത് നമ്മോട് പറയുന്നത്. നാം വഴിതെറ്റി പോകാൻ അവിടുന്ന് അനുവദിക്കില്ല, മുറിവേറ്റ് കിടക്കാൻ അവിടുന്ന് അനുവദിക്കില്ല. നാം ബലഹീനരാകുമ്പോൾ ശക്തിപ്പെടുത്താൻ അവിടുന്ന് നമ്മോടു കൂടെയുണ്ടാകും. അവിടുന്നു നമ്മെ നീതിപൂർവ്വം ഭരിക്കും.



എന്നാൽ, ആടുകളായ നാം എന്താണു ചെയ്യേണ്ടത്? നമ്മുടെ ജീവിതനവീകരണമാണ് ദൈവം ആഗ്രഹിക്കുന്നത്. നല്ല ഇടയനായ കർത്താവിന്റെ നല്ല ആടുകളായി മാറണമെങ്കിൽ മാനസാന്തരത്തിലൂടെ ജീവിതത്തിൽ മാറ്റങ്ങൾ വരുത്തണം. നമ്മുടെ കർത്താവീശോ മിശിഹായ്ക്കു വഴിയൊരുക്കുവാനായി വന്ന യോഹന്നാൻ മാംദാനയുടെ മാനസാന്തര ത്തിനായുള്ള പ്രസംഗം കേട്ട് ജനം അദ്ദേഹത്തോടു ചോദിക്കുന്നു: ''ഞങ്ങൾ എന്താണ് ചെയ്യേണ്ടത്''? നല്ല ഇടയനെ സ്വീകരിക്കാൻ എങ്ങനെ ഒരുങ്ങണമെന്നാണ് അവർ അന്വേഷിക്കുന്നത്. വിശുദ്ധ ലൂക്കായുടെ സുവിശേഷം മൂന്നാമധ്യായത്തിൽ അതു വിവരിക്കുന്നുണ്ട്. മാനസാന്തരം മനോഭാവത്തിൽ, ജീവിതശൈലിയിൽ മാറ്റങ്ങൾ വരുത്തും. അത് പ്രവൃത്തിയിലേക്കു നയിക്കും. അതായത് പ്രവൃത്തികൂടാതെയുള്ള മാനസാന്തരം ഫലരഹിതം. ജനത്തിന്റെ ചോദ്യത്തിനു യോഹന്നാന്റെ മറുപടി രണ്ടു ഉടുപ്പുള്ളവൻ ഒന്ന് ഇല്ലാത്തവനു നൽകുക എന്നാണ്. നാമും മാനസാന്തരത്തിന്റെ ഫലങ്ങൾ പുറപ്പെടുവിക്കുന്നത് സഹോദരങ്ങളുമായി ഉള്ളത് ഉള്ളതുപോലെ പങ്കുവയ്ക്കുന്നതിലൂടെയാണ്. കാരണം പാപം എന്നത് സഹോദരനെതിരെ തിരിയുന്നതാണ്; അവനിൽ നിന്നകലുന്നതും തന്നിലേക്ക് മാത്രമായി ചുരുങ്ങുന്നതുമാണ്. മനുഷ്യൻ ഒറ്റക്കായിരിക്കുന്നത് നന്നല്ല എന്നു കണ്ടാണല്ലോ ദൈവം ആദിമനുഷ്യന് തുണയെ നൽകിയത്. അന്ത്യവിധിയുടെ മാനദണ്ഡവും മറ്റൊന്നല്ല. ദൈവികഛായയിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യന് ദൈവത്തെ കാണാൻ കഴിയണമെങ്കിൽ ദൈവികഛായയും സാദൃശ്യവുമുള്ള തന്റെ സഹോദരനെ കാണാൻ അവനിലേക്ക് തിരിയണം. ദൈവത്തിങ്കലേക്ക് തിരിയുന്നതാണല്ലോ മാനസാന്തരം. യോഹന്നാൽ ശ്ലീഹാ 'സഹോദരനെ സ്നേഹിക്കാത്തവൻ ദൈവത്തെ സ്നേഹിക്കുന്നു എന്ന് പറയുന്നത് കള്ള'മാണെന്നു പറഞ്ഞതും ഇതിനാൽ തന്നെ (1 യോഹ 4,20).

അന്വേഷിച്ചു വരുന്നവനെ സഹായിക്കുക എന്നതുകൊണ്ട് തൃപ്തരാകാൻ നമുക്കാവില്ല. മനുഷ്യനെ തേടി ദൈവം സ്വർഗം വിട്ടിറങ്ങിവന്നെങ്കിൽ, പാപമുള്ളുകളിൽ കുടുങ്ങികിടന്നവനെ രക്ഷിക്കാൻ മുറിവേറ്റവനാണ് ദൈവപുത്രനെങ്കിൽ, നാമും സഹോദരനെ അന്വേഷിച്ചിറങ്ങണം. അപേക്ഷയുമായി വരുന്നവന് ആവുന്നതു നൽകിയാൽ ഉത്തരവാദിത്വം പൂർണ്ണമാവില്ല. അപേക്ഷിക്കാൻപോലും കഴിവില്ലാത്തവനെയും, അറിവില്ലാത്തവനെയും അന്വേഷിച്ചിറങ്ങി, വച്ചുകെട്ടി, സ്വന്തമായുള്ളത് കഴുതയെങ്കിൽ അതിനു പുറത്തുകയറ്റി, എത്തിക്കേണ്ട സത്രത്തിൽ എത്തിക്കുന്നതാണ് മാനസാന്തരജീവിതം; നല്ല തമ്പുരാനോടൊത്തുള്ള ജീവിതം. ഉപവാസവും പ്രാർത്ഥനയും അനുതാപവും വഴി മിശിഹായെയും അവിടുത്തെ പിതാവിനെയും പരിശുദ്ധാത്മാവിനെയും പ്രസാദിപ്പിക്കുവാൻ നമുക്കാവുന്നത് അപ്പോഴാണ്. ഉപ + വസിക്കുക = കൂടെ വസിക്കുക. കൂടെയായിരിക്കുന്ന നല്ല തമ്പുരാനെ പ്രാർത്ഥനയിലൂടെ മഹത്ത്വപ്പെടുത്തുക. സഹോദരരിലേക്ക് തിരിഞ്ഞ് അവിടുത്തെ മുഖദർശനം സാധിക്കുക. ഇതാണ് മാനസാന്തരത്തിന്റെ ജീവിതം.

ഇതുപോലെ, മാനസാന്തരത്തിലൂടെ നല്ല ഇടയന്റെ നല്ല ആടുകളായി നമുക്കു മാറാം. സങ്കീർത്തനം 23 ആലപിച്ചുകൊണ്ട് നമുക്കും പറയാം: കർത്താവാണ് എൻെറ ഇടയൻ. എനിക്ക് ഒന്നിനും കുറവുണ്ടാവുകയില്ല. മരണത്തിന്റെ നിഴൽ വീണ താഴ്വരയിലൂടെ ഞാൻ നടക്കുന്നു. എങ്കിലും അവിടുന്ന് എന്റെ കൂടെയുള്ളതിനാൽ ഞാൻ ഭയപ്പെടുകയില്ല. അവിടുന്നാണ് എന്റെ ഊന്നുവടിയും ദണ്ഡും. പ്രിയരേ, നമ്മുടെ നല്ല ഇടയൻ, നമുക്കുവേണ്ടി ബലിയർപ്പിച്ചവൻ, നമ്മെ ശക്തിപ്പെടുത്തുന്നവൻ കൂടെയുണ്ട്, ഭയപ്പെടേണ്ട.



# പ്രതീക്ഷ വിതയ്ക്കാം

ആൻസി കടുപ്പിൽ
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

**സ്നേ**ഹത്തിനുവേണ്ടി തോൽക്കുന്നവർക്കും തോൽവി ഏറ്റെടുക്കുന്നവർക്കും ഒരുനാളും മരണമില്ലെന്ന ദിവ്യദൂത് കൈമാറുന്ന ഒരു ഉയിർപ്പുതിരുനാൾ കൂടി നാം ആഘോഷിച്ചു. മരണഭയത്തെ ഇല്ലാതാക്കി, പാപത്തിന്റെ ശക്തിയെ തകർത്ത്, ഉത്ഥിതൻ നമ്മുടെ കൂടെയുണ്ട്. നമ്മുടെ ജീർണ്ണതകളെ ജീവനാക്കി മാറ്റാൻ കഴിയുന്ന നമ്മുടെ കർത്താവ് സമീപത്തുണ്ട്. നിരാശയ്ക്കും ലക്ഷ്യമില്ലായ്മയ്ക്കും ഇനി നമ്മുടെ ജീവിതത്തിൽ സ്ഥാനമില്ലെന്ന് ഉത്ഥിതൻ നമ്മെ ഓർമ്മിപ്പിക്കുന്നു.

ഗുജറാത്ത് ഭൂകമ്പത്തിൽ തകർന്നടിഞ്ഞ കെട്ടിടാവശിഷ്ടങ്ങൾക്കിടയിൽ നിന്ന് ആറു ദിവസങ്ങൾക്കു ശേഷം രക്ഷാപ്രവർത്തകർ കണ്ടെത്തിയ നളിനി എന്ന സ്ത്രീയോട് എങ്ങനെ ഇത്രയും ദിവസം ആ കനത്ത ഇരുട്ടിൽ ഭയന്ന് മരിക്കാതെ കഴിച്ചുകൂട്ടി എന്ന് ചോദിച്ച പത്രപ്രവർത്തകർക്കു കിട്ടിയ ഉത്തരം ഇങ്ങനെയായിരുന്നു: “ശരിയാണ്, ഒരിക്കലും രക്ഷപ്പെടില്ല എന്ന് തോന്നക്കത്തക്ക വിധം കോൺക്രീറ്റ് സ്ലാവുകൾക്കിടയിൽ കുരുങ്ങിപ്പോയിരുന്നു ഞാൻ. എന്നാൽ പ്രഭാതമാകുമ്പോഴൊക്കെ ചുറ്റും തിങ്ങിയ കനത്ത ഇരുട്ടിനെ ഭേദിച്ച് ഒരു കൊച്ചു വിടവിലൂടെ സൂര്യന്റെ പ്രകാശരശ്മി എന്റെമേൽ പതിക്കുന്നുണ്ടായിരുന്നു. അതിലേക്ക് പ്രതീക്ഷയോടെ നോക്കി രക്ഷിക്കണേ... രക്ഷിക്കണേ... എന്ന് ഞാൻ കേണുകൊണ്ടിരുന്നു. ആ ചെറുവെളിച്ചമാണ് രക്ഷപ്പെടും എന്ന പ്രത്യാശ നിലനിർത്തുവാൻ എന്നെ സഹായിച്ചത്”.

‘അവൻ ഇവിടെയില്ല, അരുളിച്ചെയ്തതുപോലെ ഉയർത്തെഴുന്നേറ്റു’ (മത്തായി 28:8) എന്ന് ദൈവത്തിന്റെ തേജസ്വിയായ മാലാഖ ഇന്നും നമ്മോട് ആവർത്തിക്കുന്നു. മരണത്തെ

കീഴടക്കിയ നിത്യപ്രകാശമായ ഈശോ മനുഷ്യകുലത്തിനു മുഴുവൻ നൽകിയത് പ്രതീക്ഷയുടെ വാർത്തയാണ്. ഇരുളിലാണ്ടു കിടന്നവയെല്ലാം ദൈവികപ്രകാശത്താൽ പൂരിതമായി. ഈശോയെപ്പോലെ ഓരോ ക്രൈസ്തവന്റെയും ജീവിതം അപരന് പ്രതീക്ഷ പകരുന്ന ജീവിതമായിരിക്കണം.

നമുക്ക് വേണ്ടത് സമാധാനവും സന്തോഷവും പ്രതീക്ഷയും നിറഞ്ഞ ഒരു ലോകമല്ലേ? വിശുദ്ധ മദർ തെരേസ കൽക്കട്ടയിലെ തെരുവിൽ നിന്ന് വാരിയെടുത്ത ഒരു വൃദ്ധന്റെ അനുഭവം വിവരിക്കുന്നുണ്ട്. മരിക്കാറായ വൃദ്ധനെ മടിയിൽ കിടത്തി മോനേ.... എന്ന് അമ്മ വിളിച്ചപ്പോൾ ആ വൃദ്ധൻ പതുക്കെ കണ്ണുതുറന്നു നോക്കി. മരണാസന്നനായ ആ മുഖത്ത് പുഞ്ചിരി വിടരുന്നത് അമ്മ കണ്ടു. പാവങ്ങളുടെ അമ്മ പറയുകയാണ്: "എന്റെ ജീവിതം ധന്യമായി, ഒരാൾക്കെങ്കിലും പ്രതീക്ഷ പകരുവാൻ എനിക്ക് കഴിഞ്ഞല്ലോ". ഇതുതന്നെയാണ് ഫ്രാൻസിസ് മാർപാപ്പ നമ്മെ ഓർമിപ്പിക്കുന്നത്. മറ്റുള്ളവർക്കായി ജീവിക്കുക എന്നത് പ്രകൃതി നിയമമാണ്. നദികൾ അവയുടെ ജലം കുടിക്കാറില്ല.... വൃക്ഷങ്ങൾ അവയുടെ ഫലം ഭക്ഷിക്കുന്നില്ല.... പൂക്കൾ അവയ്ക്കായി സുഗന്ധം പരത്താറില്ല... സൂര്യൻ തനിക്കായി പ്രകാശിക്കുന്നില്ല...

പ്രിയപ്പെട്ടവരെ, നാം പരസ്പരം സഹായിക്കാൻ, പ്രതീക്ഷ പകരാൻ വിളിക്കപ്പെട്ടവരാണ്. പ്രയാസങ്ങളും പ്രതിസന്ധികളും മഹാമാരികളും ഉണ്ടാകും. ജീവിതം ധന്യമാകുന്നത് എല്ലാവരും സന്തോഷമുള്ളവരാകുമ്പോഴാണ്. എന്നാൽ നിന്റെ ജീവിതം ഏറെ ധന്യമാകുന്നത് നീ കാരണം മറ്റുള്ളവർ സന്തോഷിക്കുമ്പോൾ മാത്രം! ഈ സന്ദേശം ഈസ്റ്റർദിനത്തിലെ ഒരു ചിന്തയായിമാത്രം ഒതുങ്ങാതെ അനുനിമിഷം പ്രാവർത്തികമാക്കാൻ പരിശ്രമിക്കാം. ഉത്ഥിതന്റെ ധ്യാനചിന്തകൾ ഈസ്റ്റർദിനത്തിൽ മാത്രം ഒതുക്കേണ്ടതല്ല, മറിച്ച് അനുദിന ജീവിതത്തിൽ അനുഭവപ്പെടുന്ന നമ്മുടെ നിരാശകളിൽ പ്രത്യാശയായി, നമ്മുടെ പരാജയങ്ങളിൽ വിജയമായി, നമ്മുടെ കോട്ടങ്ങളിൽ നേട്ടമായി ഉത്ഥിതനീശോ കൂടെയുണ്ടാകും, തീർച്ച!


**STATEMENT ABOUT OWERSHIP AND OTHER PARTICULARS ABOUT NEWSPAPER PRATHEEKSHAYUDE POOMOTTUKAL**

**Form - IV**

| | |
|---|---|
| 1. Place of Publication | : Manganam, Spirituality Centre; Manganam P.O., Kottayam |
| 2. Periodicity of Publication | : Monthly |
| 3. Printer's Name | : Shiny Andrews Muthuplackal |
| Nationality | : Indian |
| Address | : Spirituality Centre, Manganam P.O., Kottayam-686 018 |
| 4. Publisher's Name | : Shiny Andrews Muthuplackal |
| Nationality | : Indian |
| Address | : Spirituality Centre, Manganam P.O., Kottayam-686 018 |
| 5. Editor's Name | : Fr. Mathew Vellanickal |
| Nationality | : Indian |
| Address | : Spirituality Centre, Manganam P.O., Kottayam-686 018 |



# യെഹോഷാഫാത്ത്

ഷിജി പറപ്പള്ളിയാത്ത്

**ആ**സാരാജാവിന്റെയും ഷിൽഹിയുടെ മകൾ അസൂബായുടെയും മകനാണ് യെഹോഷാഫാത്ത്. പിതാവിന്റെ കാലശേഷം തന്റെ മുപ്പത്തഞ്ചാം വയസ്സിൽ യെഹോഷാഫാത്ത് യൂദായിൽ ഭരണമേറ്റു. ആസായുടെ ആദ്യകാല മാതൃകയനുസരിച്ച്, ബാലിനെ സേവിക്കാതിരുന്നതിനാൽ കർത്താവ് അദ്ദേഹത്തോടുകൂടെയുണ്ടായിരുന്നു. അവൻ പിതാവിന്റെ ദൈവത്തെ തേടുകയും അവിടുത്തെ കല്പനകൾ അനുസരിക്കുകയും ചെയ്തു. ഇസ്രായേൽക്കാരുടെ മാർഗം അവൻ സ്വീകരിച്ചതുമില്ല. അങ്ങനെ കർത്താവ് യെഹോഷാഫാത്തിന് രാജ്യത്തിന്റെ പൂർണനിയന്ത്രണം നല്കി. യൂദാ മുഴുവനും അവന് കാഴ്ചകൾ കൊണ്ടുവന്നു. അതുവഴി അവന്റെ മാനവും ധനവും പെരുകിത്തുടങ്ങി. കർത്താവിന്റെ മാർഗത്തിൽ അവൻ ഉറച്ചുനിന്നു. യൂദായിലെ പൂജാഗിരികളും അഷേരാ പ്രതിഷ്ഠകളും നശിപ്പിച്ചു കളഞ്ഞു.

യൂദാനഗരങ്ങളിൽ ജനങ്ങളെ പഠിപ്പിക്കാൻ അവൻ ഉപദേഷ്ഠകരെ അയച്ചു. അവർ കർത്താവിന്റെ നിയമഗ്രന്ഥവുമായി ചെന്ന് ജനത്തെ പഠിപ്പിച്ചു. യൂദായിൽ കോട്ടകളും സംഭരണ നഗരങ്ങളും നിർമ്മിച്ച് യൂദായെ യെഹോഷാഫാത്ത് പ്രബലമാക്കി. വീരയോദ്ധാക്കളുടെ വ്യൂഹങ്ങളെ അവൻ നിയമിച്ചു. അമ്മോന്യരെയും ഏദോമ്യരെയും മൊവാബ്യരെയും അവൻ ഭയപ്പെടുത്തി നിർത്തി. ഇസ്രായേല്യരുമായി സഖ്യമുണ്ടാക്കി. അവന്റെ സൈന്യത്തിന് ധാർമ്മികശക്തിയുണ്ടായിരുന്നു.

യെഹോഷാഫാത്ത് സമർത്ഥനായ ഒരു പടയാളിയായിരുന്നു. നീതിപീഠങ്ങളെ പുനഃസംഘടിപ്പിച്ചു. നിഷ്പക്ഷവും നീതിപൂർവകവുമായ ഭരണം നടത്തി. ഉപദേഷ്ടാക്കൾ, പുരോഹിതർ, സേനാനായകന്മാർ, വീരയോദ്ധാക്കൾ, സഹസ്രാധിപന്മാർ, പടയാളികൾ തുടങ്ങി നാനാവിധ സുരക്ഷാക്രമീകരണങ്ങളും യൂദായിൽ നടപ്പാക്കി. ധാരാളം വിഭവങ്ങൾ ശേഖരിച്ചു വയ്ക്കുകയും ചെയ്തു. കർത്താവിനെ സംബന്ധിക്കുന്ന കാര്യങ്ങളിൽ അന്തിമതീരുമാനം പ്രധാനമായും പുരോഹിതനും, രാജാവിനെ സംബന്ധിക്കുന്ന കാര്യങ്ങളിൽ അന്തിമതീരുമാനം യൂദാ

ഭവനത്തിലെ അധിപനും നല്കി. ന്യായാധിപന്മാർക്കും പുരോഹിതന്മാർക്കും അദ്ദേഹം വേണ്ട നിർദ്ദേശങ്ങളും നല്കി. "ദൈവഭയത്തോടും വിശ്വസ്തതയോടും പൂർണഹൃദയത്തോടുംകൂടി നിങ്ങളുടെ കർത്തവ്യം നിർവഹിക്കുവിൻ" (2 ദിന 19,9).

അതിനിടെ ഇസ്രായേൽ രാജാവായ ആഹാബിന്റെ കുടുംബവുമായി യെഹോഷാഫാത്ത് വിവാഹബന്ധത്തിലേർപ്പെട്ടു. സൗഹൃദസന്ദർശനത്തിനിടെ സമരിയായിൽ വച്ച് ആഹാബ് അദ്ദേഹത്തോട് മുമ്പ് തന്റെ അധീനതയിലായിരുന്ന റാമോത്ത്-ഗിലയാദിനെതിരെ യുദ്ധം ചെയ്ത് തിരികെ എടുക്കുവാൻ സഖ്യം ചേരുന്നതിനായി പ്രേരിപ്പിച്ചു. അതിനുള്ള മുന്നൊരുക്കമെന്നോണം കർത്താവിന്റെ ഹിതം ആരായാൻ പ്രവാചകന്മാരെ അവർ സമീപിച്ചു. പ്രവാചകരെല്ലാം ആഹാബ് വിജയം വരിക്കുമെന്ന് പ്രവചിച്ചു. എന്നാൽ യെഹോഷാഫാത്തിന്റെ നിർദ്ദേശപ്രകാരം 'ഇനിയും മറ്റാരുമില്ലേ' എന്ന ചോദ്യത്തിനു മറുപടിയായി ഇമ്‌ലായുടെ മകൻ മിക്കായായെ വിളിച്ചുവരുത്തി. മിക്കായാപ്രവാചകനാകട്ടെ ആഹാബ് രാജാവിന് അനർത്ഥം വരുമെന്ന് കർത്താവ് അരുളിച്ചെയ്തിരിക്കുന്നു എന്നു വെളിപ്പെടുത്തി. ആയതിനാൽ ആഹാബ് ക്ഷുഭിതനായി. പ്രവാചകനെ താൻ യുദ്ധം ചെയ്ത് തിരികെ വരുന്നതുവരെ അല്പം മാത്രം ഭക്ഷണവും വെള്ളവും നല്കി സൂക്ഷിക്കാൻ കാരാഗൃഹത്തിലേല്പിച്ചു. തുടർന്ന് ഇസ്രായേൽ രാജാവും യെഹോഷാഫാത്തും റാമോത്ത്-ഗിലയാദിലേക്ക് യുദ്ധത്തിനു പുറപ്പെട്ടു. ഇസ്രായേൽ രാജാവ് യെഹോഷാഫാത്തിനോടു പറഞ്ഞു: "ഞാൻ വേഷപ്രച്ഛന്നനായി യുദ്ധക്കളത്തിലേക്കു പോകാം; നീ രാജകീയ വസ്ത്രം ധരിച്ചുകൊള്ളൂ. അവർ യുദ്ധത്തിനു പോയി" (2 ദിന 18,29). എന്നാൽ ഇസ്രായേൽ രാജാവിനോടല്ലാതെ മറ്റാരോടും പടപൊരുതരുത് എന്ന് സിറിയാരാജാവ് തന്റെ രഥനായകന്മാരോട് കല്പിച്ചിരുന്നു. രാജകീയവസ്ത്രത്തിൽ കണ്ട യെഹോഷാഫാത്തിനോട് സിറിയാക്കാർ യുദ്ധത്തിനെത്തി. അപ്പോൾ യെഹോഷാഫാത്ത് നിലവിളിച്ചു. കർത്താവ് അവനെ സഹായിച്ചു. അവരിൽനിന്ന് ദൈവം അവനെ വിടുവിച്ചു. യാദൃശ്ചികമായി ഒരു ഭടൻ എയ്ത അമ്പ് ആഹാബ് രാജാവിന്റെ മാർച്ചട്ടയ്ക്കും കവചത്തിനുമിടയിൽ തുളച്ചുകയറി. തനിക്കു മുറിവേറ്റിരിക്കുന്നുവെന്നും യുദ്ധക്കളത്തിൽനിന്നും രഥം തിരിച്ചുകൊണ്ടുപോകുവാനും അയാൾ സാരഥിയോടു പറഞ്ഞു. സന്ധ്യവരെ ഇസ്രായേൽ രാജാവ് സിറിയാക്കാർക്ക് അഭിമുഖമായി രഥത്തിൽ ചാരിനിന്നു. രക്തം വാർന്ന് സൂര്യാസ്തമയത്തോടെ അവൻ മരിച്ചു. യൂദാ രാജാവായ യെഹോഷാഫാത്ത് ജറുസലേമിൽ തന്റെ കൊട്ടാരത്തിൽ തിരിച്ചെത്തി. എന്നാൽ അവന്റെ വലിയ തെറ്റ് യേഹുദീർഘദർശി ചൂണ്ടിക്കാണിച്ചു: "നീ അധർമ്മികളെ സഹായിക്കുകയും കർത്താവിന്റെ ദ്വേഷിക്കുന്നവരെ സ്നേഹിക്കുകയും ചെയ്യുന്നുവോ? നിന്റെ ഈ പ്രവൃത്തിമൂലം കർത്താവിന്റെ ക്രോധം നിനക്കെതിരേ പുറപ്പെട്ടിരിക്കുന്നു. എന്നാലും അഷേരാ പ്രതിഷ്ഠകളെ നശിപ്പിക്കുകയും ദൈവഹിതം അനുസരിച്ച് ജീവിക്കുവാൻ ശ്രമിച്ചതിനാൽ നിനക്കു കുറച്ചു നന്മയുണ്ട്" (2 ദിന 19,2-3). പ്രവാചകൻപോലും യെഹോഷാഫാത്തിനെ അധികം സ്നേഹിക്കുകയും അല്പംമാത്രം ശകാരിക്കുകയും ചെയ്യുന്നു. വേഷപ്രച്ഛന്നം നടത്തുന്ന ആഹാബിനോട് സൗഹൃദം പങ്കിട്ടതിന് ശകാരം നല്കുന്നു. ആധുനികലോകത്തിൽ വേഷംമാറി ജീവിതവ്യാപാരങ്ങളിൽ മറ്റുള്ളവരെ കബളിപ്പിക്കുന്നവർ ഇന്നും കുറവല്ല. ശ്രദ്ധ വേണം; മാത്രമല്ല അവരെ വിവേകത്തോടെ പരിഗണിക്കണമെന്നും മുന്നറിയിപ്പുതരുന്നു.

കുറേക്കാലം കഴിഞ്ഞ് മൊവാബ്യരും അമ്മോന്യരും മേയൂന്യരും ചേർന്ന് യെഹോഷാഫാത്തിനെതിരെ യുദ്ധത്തിനു വന്നു. ഇതറിഞ്ഞ് കർത്താവിന്റെ സഹായം തേടാൻ യൂദാനിവാസികളോടൊപ്പം യൂദാരാജാവും ദൈവാലയ അങ്കണത്തിൽ സമ്മേളിച്ചു. സർവജനപദങ്ങളെയും ഭരിക്കുന്ന കർത്താവിന്റെ മുമ്പിൽ വലിയ ശരണത്തോടും ഭയത്തോടും പ്രതീക്ഷയോടുംകൂടി യെഹോഷാഫാത്തും ജനമൊന്നാകെയും നിലവിളിച്ച് അപേക്ഷിച്ചു. സംരക്ഷണവും രക്ഷയും നല്കുന്ന ദൈവത്തിന്റെ പരിപാലനയുടെ കരം പൂർവികരോടു പുലർത്തിയത് അവർ അനു


സ്മരിച്ചു. യൂദായിലെ പുരുഷന്മാരെല്ലാവരും കുട്ടികളോടും ഭാര്യമാരോടും കുഞ്ഞുങ്ങളോടും കൂടെ കർത്താവിന്റെ മുമ്പിൽ നില്ക്കുമ്പോൾ ആസാഫ് വംശജനും ലേവ്യനുമായ യഹസിയേലിന്റെ മേൽ കർത്താവിന്റെ ആത്മാവ് നിറഞ്ഞു. അദ്ദേഹം യൂദാരാജാവിനോടും ജനത്തോടുമായി പറഞ്ഞു: "നിങ്ങൾ ഭയപ്പെടേണ്ട. നിങ്ങളല്ല; ദൈവമാണ് പൊരുതുന്നത്. നാളെ അവർക്കെതിരെ പുറപ്പെടുക. ... ഈ യുദ്ധത്തിൽ നിങ്ങൾ പൊരുതേണ്ടി വരികയില്ല. യൂദാ-ജറുസലേം നിവാസികളേ, അണിനിരന്നു കാത്തുനില്ക്കുവിൻ. കർത്താവു തരുന്ന വിജയം നിങ്ങൾ കാണും. നിങ്ങൾ ഭയപ്പെടുകയോ പരിഭ്രമിക്കുകയോ വേണ്ട. അവർക്കെതിരേ നീങ്ങുവിൻ. കർത്താവ് നിങ്ങളോടു കൂടെയുണ്ട്" (2 ദിന 20,15-17). സഹനങ്ങളിൽ ദൈവകരങ്ങളിൽ ആശ്രയിക്കുന്ന യൂദാരാജാവിനെയാണ് കാണുന്നത്. പിറ്റേന്ന് അതിരാവിലെ അവർ തെക്കോവാ മരുഭൂമിയിലേക്ക് പുറപ്പെട്ടു. യൂദാനിവാസികളെ അഭിസംബോധന ചെയ്തുകൊണ്ട് യെഹോഷാഫാത്ത് ഇപ്രകാരം പറഞ്ഞു: "നിങ്ങളുടെ ദൈവമായ കർത്താവിൽ വിശ്വസിക്കുവിൻ. നിങ്ങൾ സുരക്ഷിതരായിരിക്കും; അവിടുത്തെ പ്രവാചകന്മാരെ വിശ്വസിക്കുവിൻ. നിങ്ങൾ വിജയം വരിക്കും" (2 ദിന 20,20).

കർത്താവിന്റെ ശാശ്വതമായ അചഞ്ചലസ്നേഹത്തെ പാടിപ്പുകഴ്ത്തിക്കൊണ്ട് ശത്രുസൈന്യത്തിനുനേരെ അവർ തിരിഞ്ഞപ്പോൾ, ശത്രുജനങ്ങൾ പരസ്പരം ആക്രമിച്ചു നശിക്കുകയുണ്ടായി. മരുഭൂമിയിലെ കാവൽ ഗോപുരത്തിൽനിന്ന് യൂദാസൈന്യം നോക്കുമ്പോൾ ശവശരീരങ്ങൾ നിലത്തുകിടക്കുന്നതാണു കാണാൻ ഇടയായത്. യെഹോഷാഫാത്തും യൂദാസൈന്യവും മൂന്നു ദിവസംകൊണ്ടാണ് കൊള്ളമുതൽ ശേഖരിച്ചത്. അവർ രാജാവിന്റെ നേതൃത്വത്തിൽ ബറാക്കാത്താഴ്‌വരയിൽ ഒന്നിച്ചുകൂടി കർത്താവിനെ വാഴ്ത്തി. തുടർന്ന് യെഹോഷാഫാത്തിന്റെ കാലത്ത് സമാധാനവും സ്വസ്ഥതയും ദേശത്തെല്ലാം നിലനിന്നു. എന്നും തന്റെ ജനത്തോടൊപ്പംനിന്ന് അവർക്ക് ശക്തിയും ധൈര്യവും ദൈവാശ്രയത്വവും പകരുന്ന യെഹോഷാഫാത്ത് രാജാവിനെ കാണാൻ കഴിയും. നാശത്തിന്റെ വക്കിൽ അനുഗ്രഹം ചൊരിയുന്ന ദൈവത്തെ ബറാക്കാത്താഴ്‌വരയിൽവച്ച് അവർ ഒന്നുചേർന്നു വാഴ്ത്തുന്നു; കാരണം ദൈവമാണ് ശത്രുവിനെതിരേ യുദ്ധം നടത്തിയത്.

ഒടുവിൽ ആഹാബിന്റെ മകൻ അഹസിയുമായി യെഹോഷാഫാത്ത് സഖ്യത്തിലേർപ്പെട്ട് വ്യവഹാരങ്ങൾ തുടങ്ങി. ദുഷ്കർമ്മിയായ അവനോടൊപ്പം നടത്തിയ എല്ലാ നിർമ്മാണങ്ങളും കർത്താവ് നശിപ്പിച്ചു. താർഷീഷിലേക്കു പോകുന്നതിനുള്ള കപ്പലുകൾ അവർ ഒന്നിച്ചായിരുന്നു നിർമ്മിച്ചിരുന്നത്. ദൈവാത്മാവിനാൽ നിറഞ്ഞ എലിയേസർ യെഹോഷാഫാത്തിനെതിരെ പ്രവചിച്ചു: "അസഹിയായുമായി സഖ്യം ചെയ്തതിനാൽ നീ നിർമ്മിച്ചതെല്ലാം കർത്താവു നശിപ്പിക്കും" (2 ദിന 20,37). ഇരുപത്തിയഞ്ചുവർഷം യൂദായെ ഭരിച്ചശേഷം യെഹോഷാഫാത്ത് പിതാക്കന്മാരോടു ചേർന്നു. ദുഷ്കർമ്മികളോടുള്ള സൗഹൃദം കർത്താവിന് അപ്രീതിയുള്ളതാണ്. ലോകത്തിന്റെ നിലപാടുകളിലേക്കു ചായുന്ന നമ്മുടെ പല ശൈലികളും തിരുത്തപ്പെടേണ്ടതാണ്.

***യെഹോഷാഫാത്ത് വിരൽചൂണ്ടുന്നവ:***

***-ജീവിതത്തിൽ ദൈവത്തിന് ഇടം നല്കുക.***
***-പ്രതികൂലങ്ങളിൽ ദൈവത്തിൽ നിർഭയം ആശ്രയിക്കുക.***
***-അപരന് സമാധാനവും സ്വസ്ഥതയും നല്കുന്ന ജീവിതം നയിക്കുക.***
***-സൗഹൃദങ്ങൾ വിലയിരുത്തപ്പെടണം.***
***-കർത്തവ്യനിർവഹണത്തിൽ വിശ്വസ്തത പുലർത്തുക.***
***-ലോകതന്ത്രങ്ങളിൽ അന്ധമായി ആശ്രയിക്കരുത്.***



# ഉത്ഥിതൻ

ഉത്ഥിതനേ രക്ഷകനേ
ഉലകിനുടയവനേ നാഥാ
ഉള്ളിനുള്ളിൽ ഉണ്മയായ്
ഉരുവാകണേ നീയെന്നിൽ

ഉടഞ്ഞുപോയൊരീ ജീവിതം
ഉടച്ചുവാർക്കണേ സദയം
ഉലയിലുരുക്കിയ ലോഹംപോൽ
ഉരച്ചു മാറ്റു കൂട്ടണേ സാദരം

ഉള്ളതെല്ലാമേകാം ഞാൻ
ഉടയവനേ നിനക്കായെന്നാളും
ഉയർത്തുന്നു നാഥായെൻ ഹൃത്തടം
ഉന്നതത്തിൽനിന്നു കരം നീട്ടണേ...

ഉണർവോടെ നിന്നരികേ
ഉത്സാഹമോടെ നോക്കിയിരിക്കാൻ
ഉൾത്താരിലെന്തൊരു ദാഹം
ഉണ്മയായി നീയെന്നിൽ നിറയൂ...

ഉണർത്തണേ നിൻ ചൈതന്യമെന്നിൽ
ഉജ്ജീവന ശക്തിയായി നിറഞ്ഞിടുക
ഉലകിലെന്നും വിജയിച്ചീടാൻ
ഉയിരായ് നീയെന്നിലെന്നും വസിച്ചിടൂ...

മിനി വന്യംപറമ്പിൽ
അപ്പസ്തോലിക് ഒബ്ലേറ്റ്സ്




# സമഗ്ര പരിസ്ഥിതി വിജ്ഞാനീയം

**റവ. ഡോ. തോമസ് വടക്കേൽ**
**പാലാ രൂപത**

'**ലൗ**ദാത്തോ സി'യുടെ നാലാമത്തെ അദ്ധ്യായത്തിൽ ഇന്നത്തെ ലോകത്തിൽ രൂപപ്പെട്ടു വരേണ്ട ഒരു സമഗ്ര പരിസ്ഥിതി വിജ്ഞാനീയ (an integral ecology) ത്തെക്കുറിച്ചാണ് ഫ്രാൻസിസ് മാർപാപ്പ സംസാരിക്കുന്നത്. അഞ്ചു തലങ്ങൾ ഈ അദ്ധ്യായത്തിൽ പ്രതിപാദിക്കുന്നു: 1. പാരിസ്ഥിതികവും സാമ്പത്തികവും സാമൂഹികവുമായ പരിസ്ഥിതി വിജ്ഞാനീയം, 2. സാംസ്കാരിക പരിസ്ഥിതി വിജ്ഞാനീയം, 3. ദൈനംദിന ജീവിതത്തിന്റെ പരിസ്ഥിതി വിജ്ഞാനീയം, 4. പൊതു നന്മയുടെ തത്വം, 5. തലമുറകൾക്കിടയിലെ നീതി.

**1. പാരിസ്ഥിതികവും സാമ്പത്തികവും സാമൂഹികവുമായ പരിസ്ഥിതി വിജ്ഞാനീയം**

പരിസ്ഥിതി വിജ്ഞാനീയത്തിന്റെ പ്രധാന പഠനം ജീവികളും അവ വളരുന്ന പരിസ്ഥിതിയും തമ്മിലുള്ള ബന്ധത്തെക്കുറിച്ചാണ്. എല്ലാം പരസ്പര ബന്ധിതമാണ്. പ്രകൃതിയും അതിൽ വസിക്കുന്ന സമൂഹവും തമ്മിൽ ആഴത്തിലുള്ള ഒരു ബന്ധമുണ്ട്. നാം പ്രകൃതിയുടെ ഭാഗമാണ്. നാം അതിൽ ഉൾപ്പെട്ടിരിക്കുന്നു. പ്രകൃതിയുമായി മനുഷ്യൻ നിരന്തരം പരസ്പര പ്രവർത്തനത്തിലുമാണ്. പ്രകൃതിയിൽനിന്നും വേർപെട്ടു നില്ക്കുന്ന ഒരു ജീവിതം മനുഷ്യനില്ല. അതുകൊണ്ട് മനുഷ്യന്റെ പ്രവർത്തനങ്ങൾക്കൊണ്ടു മലിനമാകുന്ന പ്രകൃതിയെ സംരക്ഷിക്കുവാൻ, പ്രകൃതിയുടെ മഹത്വം പുനഃസ്ഥാപിക്കുവാൻ ഒരു സംയോജിത സമീപനം ആവശ്യമാണ്.

പാരിസ്ഥിതിക ആഘാതം നിർണയിക്കണം. ഗവേഷകർക്ക് അവർ അർഹിക്കുന്ന പങ്കു നൽകണം. അവരുടെ പ്രവർത്തനം സുഗമമാക്കണം. എപ്രകാരം പ്രകൃതിയും മനുഷ്യനും ജീവജാലങ്ങളും അന്യോന്യം ബന്ധപ്പെട്ടു നില്ക്കുന്നുവെന്ന് പൊതുസമൂഹത്തിന് ഗവേഷകർ ധാരണ നൽകണം. പരിസ്ഥിതിയെ എപ്രകാരം ഏറ്റവും നന്നായി ഉപയോഗിക്കാം എന്ന് നിർണയിക്കണം. ദൈവത്തിന്റെ സൃഷ്ടി എന്ന നിലയിൽ ഓരോ ജീവിയും അതിൽത്തന്നെ നല്ലതും ആദരണീയവുമാണ്. എല്ലാം തമ്മിൽ ബന്ധപ്പെട്ടിരിക്കുന്നു. സകലതും ബന്ധപ്പെട്ടതാണെങ്കിൽ, ഒരു സമൂഹത്തിൽ സ്ഥാപനങ്ങളുടെ ആരോഗ്യത്തിന്, പരിസ്ഥിതിക്കും മനുഷ്യജീവിതത്തിന്റെ ഗുണമേന്മയ്ക്കുംമേൽ പരിണിതഫലങ്ങളുണ്ട്. "ഐക്യദാർഢ്യത്തിന്റെയും സാമൂഹിക സൗഹാർദ്ദത്തിന്റെയും ഓരോ ലംഘനവും പരിസ്ഥിതിക്ക് ഹാനി ഉണ്ടാക്കുന്നു. അക്കാരണത്താൽ, പ്രകൃതിയും സ്ഥാപനങ്ങളുടെ തലവും ഉൾക്കൊള്ളുന്ന വിശാലമായ ഒരു വീക്ഷണത്തിലേക്ക് പരിസ്ഥിതി വിജ്ഞാനം വളരണം.

**2. സാംസ്കാരിക പരിസ്ഥിതി വിജ്ഞാനീയം**

ആധുനികലോകത്തിൽ സാംസ്കാരിക പൈതൃകവും ഒരു വലിയ പരിധിവരെ അപകടത്തിലാണ്. പ്രകൃതിയുടെ പൈതൃകവും ചരിത്രവും കലയുമെല്ലാം പലപ്പോഴും ഭീഷണിയുടെ കീഴിലാണ്. ഓരോ സ്ഥലത്തിന്റെയും ചരിത്രവും സംസ്കാരവും വാസ്തുവിദ്യയും ഉൾക്കൊള്ളുന്ന, അവയുടെ മൗലിക സ്വത്വം നിലനിർത്തുന്ന നിർമ്മാണങ്ങളാണ് നടത്തേണ്ടത്. ജീവിതവും ലോകവും ചലനാത്മക യാഥാർത്ഥ്യങ്ങളായിരിക്കുന്നതുപോലെ, ലോകത്തോടുള്ള നമ്മുടെ കരുതലും വഴക്കമുള്ളതും ചലനാത്മകവുമായിരിക്കണം. കൂടാതെ, പ്രാദേശിക സമൂഹങ്ങളോടും അവരുടെ സാംസ്കാരിക പാരമ്പര്യങ്ങളോടും സവിശേഷ ശ്രദ്ധ കാണിക്കുകയും, അവരുടെ സ്വത്വവും മൂല്യങ്ങളും നിലനിർത്തുന്നതിനു വേണ്ടവ ചെയ്യുകയും വേണം.

**3. ദൈനംദിന ജീവിതത്തിന്റെ പരിസ്ഥിതി വിജ്ഞാനീയം**

മനുഷ്യജീവിതത്തിന്റെ ഗുണമേന്മയിൽ സമഗ്രമായ അഭിവൃദ്ധി കൈവരുത്തേണ്ടതുണ്ട്. നമ്മുടെ മുറികളിലും നമ്മുടെ ഭവനങ്ങളിലും നമ്മുടെ തൊഴിൽസ്ഥലങ്ങളിലും നമ്മുടെ പരിസരങ്ങളിലും നമ്മുടെ പരിസ്ഥിതിയെ നമ്മുടെ സ്വത്വം ആവിഷ്കരിക്കാനുള്ള ഒരു മാർഗമായി നാം ഉപയോഗിക്കാറുണ്ട്. പരിസ്ഥിതിയോടു പൊരുത്തപ്പെട്ടു പോകാൻ ശ്രമിക്കുന്നുണ്ടെങ്കിലും ക്രമരഹിതവും കുഴപ്പം പിടിച്ചതും ശബ്ദമേറിയതും വൈരൂപ്യം നിറഞ്ഞതുമായ മാർഗങ്ങൾ നമ്മുടെ സന്തോഷത്തെ അപകടത്തിലാക്കും. നഗരത്തിലെയോ ഗ്രാമത്തിലെയോ പ്രകൃതിദൃശ്യത്തെ ബാധിക്കുന്ന ഇടപെടലുകൾ ഒഴിവാക്കണം. പ്രകൃതി നമ്മുടെ ഭാഗംതന്നെയാണ്; നാം പ്രകൃതിയുടെതും. ശുചിത്വമില്ലാത്ത ചേരികൾ ഉണ്ടാവരുത്; മാതൃകയായ പാർപ്പിടങ്ങൾ എല്ലാവർക്കും ലഭ്യമാക്കണം.

**4. പൊതു നന്മയുടെ തത്ത്വം**

മാനുഷിക പരിസ്ഥിതി വിജ്ഞാനീയത്തിൽ 'പൊതുനന്മ' (common good) എന്ന തത്ത്വം പ്രധാനപ്പെട്ടതാണ്. പരിപൂർണമായും എളുപ്പത്തിലും തനതായ ലക്ഷ്യം പ്രാപിക്കാൻ സമൂഹത്തിനും വ്യക്തികൾക്കും അവസരം നല്കുന്ന സാമൂഹിക ജീവിത സാഹചര്യങ്ങളുടെ ആകെത്തുകയാണിത്. ഒരാളുടെ സമഗ്ര വികസനത്തിനുവേണ്ടി ക്രമീകരിച്ചിട്ടുള്ള അടിസ്ഥാനപരവും അന്യാധീനപ്പെടുത്താനാവാത്തതുമായ അവകാശങ്ങൾ സിദ്ധിച്ച മനുഷ്യവ്യക്തിയോട് ആ രീതിയിൽതന്നെയുള്ള ആദരവാണ് പൊതുനന്മയുടെ തത്ത്വത്തിൽ അന്തർഭവിച്ചിരിക്കുന്നത്. സമൂഹത്തിന്റെ മുഴുവൻ വികസനവും ഒപ്പം വ്യക്തികളുടെ വളർച്ചയും ഇത് അർത്ഥമാക്കുന്നു. സമൂഹത്തിനു മൊത്തത്തിലും രാഷ്ട്രത്തിനു പ്രത്യേകമായും പൊതുനന്മയെ പ്രതിരോധിക്കുവാനും പ്രോത്സാഹിപ്പിക്കുവാനുമുള്ള ബാധ്യതയുണ്ട്. അനീതികൾ പെരുകുന്ന സാഹചര്യത്തിൽ മനുഷ്യന്റെ അടിസ്ഥാന ആവശ്യങ്ങൾ സംരക്ഷിക്കപ്പെടണം.

**5. തലമുറകൾക്കിടയിലെ നീതി**

പൊതുനന്മ എന്ന ആശയം ഭാവിതലമുറകളിലേക്കും വ്യാപിക്കുന്നുണ്ട്. വരും തലമുറയ്ക്കായി നാം വിട്ടുകൊടുക്കുന്ന ലോകത്തിന്റെ സ്വഭാവത്തെക്കുറിച്ചു നാം ചിന്തിക്കണം. നമുക്കു സൗജന്യമായി ലഭിച്ചതും അന്യരുമായി നാം പങ്കുവയ്ക്കേണ്ടതുമായ ഒരു ദാനമാണ് ലോകം. അതു നമുക്കു പിന്നാലെ വരുന്നവരുടെയും സ്വന്തമാണ്. അതിനാൽ നാമിന്നു നീതിയോടെ ലോകത്തോട് ഇടപെടേണ്ടതുണ്ട്. നീതിയുടെ ഒരു കടമ നമുക്കുണ്ട്: "സ്വീകരിക്കാനുള്ള സന്നദ്ധതയെന്ന യുക്തിയുടെ ഭാഗമാണ് പരിസ്ഥിതി. ഓരോ തലമുറയ്ക്കുമുള്ള ഒരു വായ്പയാണിത്. പിന്നീട് അത് അടുത്ത തലമുറയ്ക്ക് കൈമാറണം.



# ഉത്ഥിതനും ഞാനും

**സിജി കുന്നത്ത്**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

മലകയറിത്തുടങ്ങിയപ്പോഴാണ് കൈകളിൽ ഒന്നും എടുത്തിരുന്നില്ല എന്നു മനസ്സിലാക്കിയത്. അൻപതുനോമ്പിന്റെ എതെങ്കിലും ഒരു ദിവസം മലയാറ്റൂർ കുരിശുമല കയറുക എന്നത് വർക്കിച്ചേട്ടന്റെ വർഷം തോറുമുള്ള നിഷ്ഠയായിരുന്നു. കയറുമ്പോൾ കനമുള്ള ഒരു കല്ലോ കുരിശുരൂപമോ കൂടെയുണ്ടാവും. ലോകപാപങ്ങളെല്ലാം നീക്കിക്കളയാൻ കാൽവരിയുടെ നെറുകയിൽ തിരുസുതൻ കുരിശുമരത്തിലേറി. ആ കാൽവരിയുടെ ഓർമ്മയുമായാകാം വർക്കിച്ചേട്ടനും തന്റെ നിയോഗങ്ങളെന്നപോലെ ഇവയെ കൊണ്ടുപോകുക. ഇത്തവണത്തെ യാത്രയിൽ ഒന്നുമേ കരുതിയിരുന്നില്ലെങ്കിലും അവസാനം അദ്ദേഹത്തിന് വലിയ ആശ്വാസം ഉണ്ടായി. ക്രൂശിതന്റെ പാതയെ ധ്യാനിച്ചുള്ള മലകയറ്റം വളരെ ശാന്തമായി പൂർത്തിയാക്കാൻ അദ്ദേഹത്തിനു കഴിഞ്ഞു. ഉത്ഥിതൻ നൽകുന്ന സമാധാനം സ്വന്തമാക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞു.

നാമും നോമ്പുകാലത്തിലൂടെ യാത്ര ചെയ്തശേഷം ഉയിർപ്പുകാലത്തേക്കു പ്രവേശിക്കുകയാണ്. സമാധാനദാതാവും മരണത്തിന്റെമേൽ വിജയം വരിച്ചവനുമായ മിശിഹായോടുകൂടെ നമുക്കും സഞ്ചരിക്കാം. മഗ്ദലനാമറിയവും യോവാന്നയും യാക്കോബിന്റെ അമ്മയായ മറിയവും അവരുടെ കൂടെയുണ്ടായിരുന്ന മറ്റു സ്ത്രീകളും മിശിഹായെ അടക്കംചെയ്ത കല്ലറയുടെ കല്ല് ഉരുട്ടിമാറ്റിയിരിക്കുന്നതുകണ്ടു. അവർ അകത്തുകടന്നു നോക്കിയപ്പോൾ കർത്താവിന്റെ ശരീരം കണ്ടില്ല. രണ്ടു തിളങ്ങുന്ന വസ്ത്രധാരികൾ അവരോടു പറഞ്ഞു. ജീവിച്ചിരിക്കുന്നവനെ നിങ്ങൾ മരിച്ചവരുടെ ഇടയിൽ അന്വേഷിക്കുന്നത് എന്തിന്? അവൻ ഇവിടെയില്ല, ഉയിർപ്പിക്കപ്പെട്ടു (ലൂക്കാ 24,1-10). പുനരുത്ഥാനവാർത്ത അറിഞ്ഞ പത്രോസ്ശ്ലീഹാ കല്ലറയി

ങലേക്ക് ഓടി കുനിഞ്ഞ് അകത്തേക്കു നോക്കിയപ്പോൾ അവനെ പൊതിഞ്ഞിരുന്ന തുണികൾ തനിയേ കിടക്കുന്നതു കണ്ടു (ലൂക്കാ 24,12).

എമ്മാവൂസിലേക്കു പോയ ശിഷ്യന്മാരോടൊപ്പം ഭക്ഷണത്തിനിരുന്നപ്പോൾ, ഈശോ അപ്പം എടുത്ത് ആശീർവ്വദിച്ച് മുറിച്ച് അവർക്കുകൊടുത്തു. അപ്പോൾ അവരുടെ കണ്ണു തുറക്കപ്പെട്ടു. അവർ ഉത്ഥിതനെ തിരിച്ചറിഞ്ഞു (ലൂക്കാ 24,13-31). മഗ്ദലനാമറിയത്തെ 'മറിയം' എന്നു വിളിച്ച് ഉത്ഥിതൻ സംസാരിക്കുന്നു (യോഹ 20, 11-18). ഈശോ ശിഷ്യഗണത്തിന്റെ മധ്യേ പ്രത്യക്ഷനായി അവരോടു പറഞ്ഞു. നിങ്ങൾക്കു സമാധാനം. ഭൂതത്തെയാണ് കാണുന്നതെന്ന് അവർ വിചാരിച്ചു (യോഹ 24,36-49). "നിന്റെ വിരൽ ഇവിടെ കൊണ്ടുവരുക; എന്റെ കൈകൾ കാണുക; നിന്റെ കൈ നീട്ടി എന്റെ പാർശ്വത്തിൽ വയ്ക്കുക. അവിശ്വാസിയാകാതെ വിശ്വാസിയായിരിക്കുക" (യോഹ 20,27) എന്നു പറഞ്ഞ് ഉത്ഥിതൻ തോമ്മായ്ക്കു ദർശനം നൽകുന്നു. ഉത്ഥിതനെ കണ്ടവർരെല്ലാം അവനെ എളുപ്പത്തിൽ തിരിച്ചറിയാനും വിശ്വസിക്കാനും കഴിഞ്ഞില്ല. അവരെല്ലാം അത്ഭുതപ്പെടുന്നവരും വിസ്മയഭരിതരും സംശയമുള്ളവരുമായി കാണപ്പെട്ടു.

എന്നാൽ ഇവരുടെയെല്ലാം തുടന്നുള്ള യാത്ര വിശ്വാസത്തിന്റെ ഉറച്ച കാൽവയ്പോടെയായിരുന്നു. "സ്വർഗത്തിലും ഭൂമിയിലുമുള്ള എല്ലാ അധികാരവും എനിക്കു നൽകപ്പെട്ടിരിക്കുന്നു. ആകയാൽ, നിങ്ങൾ പോയി എല്ലാ ജനതകളെയും ശിഷ്യപ്പെടുത്തുവിൻ. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ അവർക്കു ജ്ഞാനസ്നാനം നൽകുവിൻ. ഞാൻ നിങ്ങളോടു കല്പിച്ചവയെല്ലാം അനുസരിക്കാൻ പഠിപ്പിക്കുവിൻ. യുഗാന്തംവരെ എന്നും ഞാൻ നിങ്ങളോടുകൂടെ ഉണ്ടായിരിക്കും" (മത്താ 28,18-10) എന്ന ഉത്ഥിതന്റെ വാക്കനുസരിച്ച് ശിഷ്യഗണം ഇറങ്ങിത്തിരിച്ചു. വിവിധ ഇടങ്ങളിൽ മിശിഹായെ പ്രഘോഷിക്കാൻമാത്രം ശക്തരും ധീരരും ആയിത്തീർന്നു ഈശോയുടെ ശിഷ്യന്മാർ. രക്തസാക്ഷികളും സഭയ്ക്കു നേതൃത്വം നൽകുന്നവരുമായി അവർ മാറി.

നമ്മുടെ യാത്രയിൽ ഉത്ഥിതന്റെ സ്ഥാനം എന്താണ്? അവനെ ഞാൻ എവിടെ കണ്ടുമുട്ടുന്നു? എങ്ങനെ ഞാൻ അവനെ കണ്ടുമുട്ടുന്നു? എന്നിൽ സമാധാനം നിറയ്ക്കുന്നവനായി എന്റെ വ്യക്തിജീവിതത്തിൽ അവനു സ്ഥാനമുണ്ടോ? സഭയിൽ ജീവിക്കുന്നവനായി മിശിഹായെ ഇന്നു കാണുവാൻ കഴിയുന്നുണ്ടോ?

ജറുസലേം വിട്ടുപോകാൻ നിർദ്ദേശമില്ലാതിരുന്നിട്ടും അതു തെറ്റിച്ച് എമ്മാവൂസിലേക്ക് യാത്ര ചെയ്തശിഷ്യരെ തിരികെ അവിടെത്തിച്ച ഉത്ഥിതൻ... നമ്മുടെ തെറ്റായ യാത്രകളിൽ നമ്മെയും തിരികെ നേർവഴിയിലേക്കു നയിക്കുന്നവൻ.... യഥാർത്ഥത്തിൽ 'അവൻ' നമ്മുടെ ജീവിതത്തിൽ ഉത്ഥിതനായിത്തീരുകയല്ലേ.

കർത്താവീശോമിശിഹായെ,
നിന്നുടെ മരണം മഹനീയം
നവജീവൻതന്നച്ചാരം
ഞങ്ങൾക്കെന്നും പ്രത്യാശ.
മൃതിയിൽനിന്നും നാഥാ, നീ
ഉത്ഥാനം ചെയ്തുന്നതനായ്
മാമോദീസാവഴി ഞങ്ങൾ
നിന്നിൽ ഉത്ഥിതരായല്ലോ.
(ഉയിർപ്പുകാലം, ഒന്നാം വ്യാഴം-റംശാ, ഓനീസാ ദ്റംശാ).



# സ്നേഹത്തിന്റെ നിർബന്ധങ്ങൾ

**സ്റ്റെഫി മംഗലത്തുകുന്നേൽ**

**പേ**രു ദ്യോതിപ്പിക്കുന്നതുപോലെതന്നെ അവളൊരു രാജകുമാരിയായിരുന്നു. ന്യൂജെൻ യുവതികളുടെ കൂട്ടത്തിൽ അവളെ രാജകുമാരിയായി കാണാൻ എന്നെ പ്രേരിപ്പിച്ച സംഭവം ഒരു വിനോദയാത്രയിലാണുണ്ടായത്. എല്ലാ കുട്ടികളേയുംപോലെ സ്വാതന്ത്ര്യത്തോടെ ജീവിതം ആസ്വദിക്കുന്ന ഒരാളായാണ് ഞാൻ അവളെ മനസ്സിലാക്കിയിരുന്നത്. അവളങ്ങനെ തന്നെ ആയിരുന്നുതാനും. എന്നിട്ടും വെള്ളത്തെ തെല്ലും ഭയക്കാത്ത അവൾ, മുട്ടൊപ്പം മാത്രം വെള്ളമുള്ള അരുവിയുടെ ആഴം ആസ്വദിക്കാൻ എല്ലാവരെയും പോലെ തയ്യാറായില്ല. വെള്ളത്തിലിറങ്ങാൻ തന്നെ നിർബന്ധിച്ച കൂട്ടുകാരിയോട്: "എന്നോട് വെള്ളത്തിൽ ഇറങ്ങരുതെന്ന് അമ്മ പറഞ്ഞിട്ടുണ്ട്" എന്ന് അവൾ പറഞ്ഞത് തമാശയായിട്ടാണ് എനിക്കാദ്യം തോന്നിയത്. "എന്നോടും അമ്മ പറഞ്ഞിട്ടുണ്ടല്ലോ വെള്ളത്തിൽ ഇറങ്ങരുതെന്ന്, പക്ഷേ ഞാൻ ഇറങ്ങി" എന്നു പറഞ്ഞ് അവളുടെ കൂട്ടുകാരി അരുവി മുറിച്ച് ക്ഷണനേരം കൊണ്ട് അക്കരെയെത്തി വീണ്ടും അവളെ വിളിച്ചു. ചെറിയൊരു പുഞ്ചിരിയോടെ അതു നിരസിച്ച അവൾ എന്റെ നേരെ തിരിഞ്ഞ് ഇങ്ങനെ പറഞ്ഞു: "എനിക്കു പേടിയൊന്നും ഇല്ല സിസ്റ്ററേ, വെള്ളത്തിൽ ഇറങ്ങാൻ എനിക്ക് ഇഷ്ടമാ.... പക്ഷേ, അമ്മ പ്രത്യേകം പറഞ്ഞു വെള്ളത്തിലൊന്നും ഇറങ്ങരുത് എന്ന്. അമ്മ പറഞ്ഞാൽപിന്നെ എനിക്ക് അനുസരിക്കാതിരിക്കാൻ പറ്റുകേല"!!!

"പിതാവിനെ ബഹുമാനിക്കുന്നവൻ തന്റെ പാപങ്ങൾക്കു പ്രായശ്ചിത്തം ചെയ്യുന്നു. അമ്മയെ മഹത്ത്വപ്പെടുത്തുന്നവൻ നിക്ഷേപം കൂട്ടിവയ്ക്കുന്നു" (പ്രഭാ 3,3-4).

എളിമയും വിനയവും തോറ്റുകൊടുക്കലല്ല, ഭീരുത്വത്തിന്റെ അടയാളമോ മറ്റുള്ളവരുടെ മുന്നിൽ അടിയറവു പറയുന്നതോ അല്ല. തക്കസമയത്തു ദൈവത്താൽ ഉയർത്തപ്പെടേണ്ടതിന് ദൈവതൃക്കരങ്ങളിലേക്കു നമ്മെത്തന്നെ വിട്ടുകൊടുക്കുന്നതാണ്. "എങ്കിലും പിതാവേ എന്റെ ഇഷ്ടമല്ല, അങ്ങയുടെ ഹിതം നിറവേറട്ടെ" എന്നു പറഞ്ഞ് അവസാന ശ്വാസത്തോളം പിതാവിന്റെ ഹിതം നിറവേറ്റിയ പുത്രന് പിതാവു നൽകിയ സമ്മാനമാണ് ഉത്ഥാനം. മാതാപിതാക്കളെ അനുസരിക്കുന്നതും അദ്ധ്യാപകർക്കു  വിധേയപ്പെടുന്നതും മുതിർന്നവരെ ബഹുമാനിക്കുന്നതും ഒക്കെ അടിമത്തമായി കരുതുന്ന ഒരു ന്യൂനപക്ഷം ഇന്നു വളർന്നു വരുന്നുണ്ട് എന്നത് ആശങ്കാവഹമാണ്.

വീട്ടിൽ ഒരിക്കലും അറിയാൻ പോകുന്നില്ലായിരിക്കാം, അപകടമൊന്നും ഉണ്ടാവുകയുമില്ലായിരിക്കാം.... എന്നിട്ടും അമ്മ പറഞ്ഞു എന്ന ഒറ്റക്കാരണത്താൽ തനിക്കു ലഭ്യമാകാമായിരുന്ന സന്തോഷങ്ങളെയൊക്കെ വേണ്ടായെന്നു വച്ച അവളുടെ ആ തന്റേടമുണ്ടല്ലോ, അതു കൊടുക്കുന്ന ഹൃദയസമാധാനം ഒന്നുവേറെ തന്നെയാണ്. ഇതിലെന്താണിത്ര തെറ്റ് എന്ന മറുചോദ്യമുന്നയിക്കാതെ, അമ്മയുടെ ആകുലതകൊണ്ട് എനിക്കൊന്നും ആസ്വദിക്കാൻ പറ്റിയില്ലെന്നു പരാതിപ്പെടാതെ, കരയിൽ നിന്നുകൊണ്ട് വെള്ളത്തിന്റെ സൗന്ദര്യം ഒപ്പിയെടുത്ത് തിരികെ വീട്ടിലെത്തിയ അവൾക്ക് അതിലേറെ മാധുര്യത്തോടെ 'അമ്മേ' എന്നു വിളിക്കാനായിക്കാണണം.

ചില നിർബന്ധങ്ങളെ സ്നേഹത്തിന്റെ നിർബന്ധങ്ങളായി മാത്രം കാണാനായാൽ ജീവിതത്തിൽ ഒന്നും ഭാരമാവുകയില്ല. ഏറ്റവും പ്രിയപ്പെട്ടവരും നമുക്ക് ഇഷ്ടമില്ലാത്തവരും ചെയ്യുന്ന ഒരേ പ്രവൃത്തിയെ തികച്ചും വ്യത്യസ്തമായ രീതിയിൽ നോക്കിക്കാണുക ലോകത്തിന്റെ സ്വഭാവമാണ്. അവയോടുള്ള കാഴ്ചപ്പാടാണ് അവയെ നമുക്ക് നന്മയോ തിന്മയോ ആക്കുന്നത്. പത്തു പ്രമാണങ്ങളും തിരുസഭയുടെ കല്പനകളും പാലിക്കുന്നതും മൂലപാപങ്ങളും പരിശുദ്ധാത്മാവിനെതിരായ പാപങ്ങളും ആവർത്തിക്കാതിരിക്കുന്നതും ദൈവിക പുണ്യങ്ങളിൽ വളരുന്നതുമൊക്കെ ജീവൻ തന്നു നമ്മെ രക്ഷിച്ചവനോടുള്ള സ്നേഹത്തിന്റെ പ്രതിഫലനമായി മാത്രം കണ്ടാൽ വിശ്വാസത്തിന്റെ ഈ യാത്ര സ്നേഹത്തോടെ തുടരാനാവും. സന്ധ്യയ്ക്കു മുമ്പേ വീട്ടിൽ എത്തണമെന്നതും കുടുംബപ്രാർത്ഥനയിൽ പങ്കെടുക്കണമെന്നതും കുടുംബാംഗങ്ങൾ തമ്മിലുള്ള ഐക്യം നേടിയെടുക്കാനുള്ള മാതാപിതാക്കളുടെ നമ്മോടുള്ള സ്നേഹത്തിന്റെ നിർബന്ധമായി കാണാനായാൽ ഒരുപക്ഷേ അതൊന്നും നമ്മെ ഭാരപ്പെടുത്താതെ കടന്നുപോവുകയില്ലേ?

കോളേജ് വിദ്യാർത്ഥികൾക്കുവേണ്ടി നടത്തിയ ഒരു ക്യാമ്പിൽ ആദ്യദിനം അതിരാവിലെ എവിടെനിന്നോ ഒരു സംഗീതം കേട്ടു. ഉണർത്തു മണിയെന്നു കരുതി മിക്കവരും തന്നെ എഴുന്നേറ്റു; ശേഷമുള്ളവരെ എഴുന്നേൽപിച്ചു. പിറ്റേന്നും അതിന്റെ പിറ്റേന്നും ഇതേ സമയത്തു കേട്ട ഈ സംഗീതം പലരുടെയും ഉറക്കം കെടുത്തി. അവർ അസ്വസ്ഥതയോടെ തിരിയുകയും മറിയുകയും ചെയ്തു, പിറുപിറുത്തു, അലാറം വച്ചയാളെ വിളിച്ചുണർത്താൻ ശ്രമിച്ചു. പക്ഷേ അലാറത്തിന്റെ ഉടമയും വളരെ കുറച്ചുപേരും അതൊരു താരാട്ടായി കേട്ട് ഉറങ്ങുകയായിരുന്നു. ഒരേ ശബ്ദം തന്നെ ചിലരുടെ ഉറക്കം കെടുത്തുമ്പോൾ മറ്റു ചിലർക്ക് അതേ ശബ്ദം താരാട്ടാകുന്നു...! നമ്മുടെ കാഴ്ചപ്പാടുകളെ നമുക്കു വിശാലമാക്കാം. അനീതിക്കു നേരേ കണ്ണടയ്ക്കണമെന്നും അന്യായമായതൊക്കെ നിശബ്ദം സഹിക്കണമെന്നുമല്ല; സ്നേഹത്തിന്റെ ചില നിർബന്ധങ്ങളെ കണ്ടില്ലെന്നു നടിക്കരുത് എന്നുമാത്രം...! ചില വാശികളും കടുംപിടുത്തങ്ങളും ഒഴിവാക്കിയാൽ ജീവിതത്തിന്റെ ഭാരം കുറച്ചു കുറയില്ലേ???

# ഒളിമങ്ങാത്ത സ്നേഹം



ജിനു നിരപ്പേൽ
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

**എ**ല്ലാം അവസാനിച്ചു എന്ന് വിചാരിക്കുന്നിടത്ത് ഒരു തുടക്കത്തിനുള്ള സാധ്യതയുണ്ട്. ആ സാധ്യതയെ ഉപയോഗിക്കുമ്പോൾ അത് നാളയെ എത്തിപ്പിടിക്കാനുള്ള ശക്തിയായി മാറുന്നു. ജറുസലേമിൽ നിന്ന് എമ്മാവൂസിലേക്കു പോയ ശിഷ്യന്മാരുടെ ചിന്തയിൽ ഈശോ എന്ന വ്യക്തിയിൽ അവരർപ്പിച്ച സകല പ്രതീക്ഷകളും നഷ്ടപ്പെട്ടിരുന്നു. എന്നാൽ കൂടെ നടന്നവൻ ഈശോയാണെന്നറിഞ്ഞപ്പോൾ, അവന്റെ വചനങ്ങളെ വിശ്വസിക്കാൻ തക്കവണ്ണം ഹൃദയം തുറക്കപ്പെട്ടപ്പോൾ, അവർ അവനിലേക്ക് തിരികെ നടന്നു. തന്റെ ഏകജാതനെ നൽകാൻ തക്കവിധം ലോകത്തെ അത്രമാത്രം സ്നേഹിച്ച ദൈവം തന്റെ മക്കളെ തന്നോട് അടുപ്പിക്കാൻ എത്രമാത്രം ആഗ്രഹിക്കുന്നു!!!

ഈയിടെ സ്പെയിനിലെ ഒരു വിശ്വാസപാരമ്പര്യത്തെക്കുറിച്ച് അറിയാനിടയായി. ക്ഷമയുടെ കുരിശ് എന്നറിയപ്പെടുന്ന ആ ക്രൂശിതരൂപം എന്നെ വല്ലാതെ ചിന്തിപ്പിച്ചു. ഈ കുരിശിന്റെ ചരിത്രം ഇതാണ്. ഈ കുരിശിന്റെ കീഴിൽ ഒരാൾ കുമ്പസാരത്തിൽ വൈദികന്റെ അടുത്ത് വളരെ ഗൗരവപരമായ ഒരു പാപം ഏറ്റുപറയുകയും വൈദികൻ അദ്ദേഹത്തോട് മേലിൽ ഇതാവർത്തിക്കരുത് എന്ന് കാർക്കശ്യത്തോടെ ആവശ്യപ്പെടുകയും ചെയ്തു. പിന്നീട് ഏതാനും മാസങ്ങൾക്കുശേഷം ഈ സ്ഥലത്തുതന്നെ അദ്ദേഹം വീണ്ടും വരുകയും അതേ പാപം കുമ്പസാരത്തിൽ ഏറ്റുപറയുകയും വൈദികനോട് ക്ഷമ യാചിക്കുകയും ചെയ്തു. എന്നാൾ വൈദികൻ വീണ്ടും അദ്ദേഹത്തോടു കോപിച്ചു. അപ്പോൾ കുരിശിൽനിന്ന് ഒരു സ്വരം കേൾക്കുകയും കുരിശിലെ ഈശോയുടെ വലം കൈ താഴേയ്ക്കു വരുകയും ചെയ്തു. അപ്പോൾ കേട്ട സ്വരം ഇപ്രകാരമായിരുന്നു. "ഞാനാണ് ഈ വ്യക്തിക്കുവേണ്ടി രക്തം ചൊരിഞ്ഞത് അല്ലാതെ നീയല്ല".

അന്നുമുതൽ ഈ കുരിശിലെ ഈശോയുടെ രൂപത്തിലെ വലം കൈ കുരിശിൽ നിന്നും വേർപെട്ട് താഴേക്ക് നീണ്ടു നിൽക്കുന്ന വിധത്തിലാണ്. ഇത് എന്നെ ഒത്തിരിയേറെ ചിന്തിപ്പിച്ചു. കർത്താവിന്റെ ക്ഷമിക്കുന്ന സ്നേഹം എത്ര വലുതാണ്!!! അവനറിയാം നാമെത്ര ബലഹീനരാണെന്ന്. വ്യഭിചാരത്തിൽ പിടിക്കപ്പെട്ട സ്ത്രീയുടെ കാര്യമെടുത്താൽ, യഹൂദ നിയമമനുസരിച്ച് കല്ലെറിയപ്പെടേണ്ടവളാണവൾ. എന്നാൽ അവന്റെ സ്നേഹത്തിനു മുന്നിൽ അവൾക്കു ജീവൻ വീണ്ടുകിട്ടി.

നീ എത്ര പാപിയാണെങ്കിലും നിന്റെ ഹൃദയത്തിന്റെ ആഴത്തിൽനിന്നും അവിടുന്ന് നിന്നെ മനസ്സിലാക്കുന്നു. സ്നേഹമാണ് അവനെ രക്തം ചിന്താൻ പ്രേരിപ്പിച്ചത്. ഇന്നും ഈശോ തന്റെ ക്ഷമിക്കുന്ന സ്നേഹം അനേകരിലൂടെ വെളിപ്പെടുത്തുന്നു.

ദൈവദാസനായ വില്യം ജകീന്താ പറയുന്നു: **"കാൽവരിയിൽ രക്തതുള്ളികളേക്കാളുപരി സ്നേഹമാണ് ഇറ്റിറ്റു വീണത്. രക്ഷാകർമ്മത്തിലെ ഏറ്റവും ആകർഷണീയമായ വിഷയമാണ് ഈ കരകവിഞ്ഞൊഴുകുന്ന സ്നേഹം".**

ലോകം അവനെ ഏറ്റവും ഹീനനായിക്കണ്ട് പീഡിപ്പിച്ചു. എങ്കിലും അവന്റെ പീഡകൾ ആ ലോകത്തെ രക്ഷിക്കുവാൻ വേണ്ടിയുള്ളതായിരുന്നു. പാപികളും മനസലിവില്ലാത്തവരുമായ നമുക്കുവേണ്ടി അവസാനതുള്ളി രക്തം ചിന്തുവോളവും ക്ഷമയോടെ സഹിക്കാൻ അവനായി. അവന്റെ മരണത്തോടെ എല്ലാ അവസാനിച്ചുവെന്ന് വ്യാമോഹിച്ചു.

ലോകത്തിന് അവന്റെ ഉയിർപ്പ് അവിശ്വസനീയമായിരുന്നു. എന്നാൽ അവനിൽ വിശ്വസിച്ചവർക്ക് അത് ഒരു തുടക്കമായിരുന്നു. നിത്യജീവൻ കൈവരിക്കാനുള്ള യാത്രയുടെ ശക്തിയായിരുന്നു. അവനിൽ നിന്നു ലഭിച്ച ആത്മാവിൽ ശക്തിയാൽ അവർ ഉണർവുള്ളവരായി. പഴയ കാലത്തിന്റെ നഷ്ടങ്ങളിൽ തപ്പിത്തടയാതെ എല്ലാത്തിനും ഉന്നതനായവനെ പ്രഘോഷിച്ച്, അവനു സാക്ഷ്യംവഹിച്ചു ജീവിക്കാൻ അത് അവരെ ശക്തരാക്കി.

ഇന്നും അവന്റെ വചനങ്ങൾ കാലഹരണപ്പെട്ട ഒന്നല്ല. നിത്യം ജീവിക്കുന്നതാണ്; സ്നേഹത്താൽ നിറയ്ക്കുന്നതാണ്; ക്ഷമിക്കാൻ പഠിപ്പിക്കുന്നതാണ്. കാൽവരിയിൽ രക്തത്തുള്ളികളായി കരകവിഞ്ഞൊഴുകിയ സ്നേഹം ഇന്ന് നമ്മെയും സ്നേഹപൂർവ്വം വിളിക്കുന്നു.... ഉയിർത്തെഴുന്നേറ്റ ഈശോയെ എന്നും ജീവിതത്തിൽ പ്രഘോഷിക്കാൻ.... അവനിൽ ജീവിക്കാൻ....

## ദൈവദാസൻ വില്യം ജകീന്താ പിതാവിനോടുള്ള മദ്ധ്യസ്ഥ പ്രാർത്ഥന

സ്നേഹം തന്നെയായ ദൈവമേ/സകല നന്മകളുടേയും ദാതാവായ പിതാവേ/രക്ഷകനായ മിശിഹായേ/വിശുദ്ധിയുടെ അരൂപിയേ/മനുഷ്യകുലത്തോടുള്ള അവിടുത്തെ അനന്തമായ സ്നേഹത്താൽ/വിശുദ്ധിയിലേക്കുള്ള ക്ഷണം അങ്ങ് നിരന്തരം ആവർത്തിച്ചുകൊണ്ടിരിക്കുന്നുവല്ലോ./അവിടുത്തെ ദാനങ്ങൾ/ദൈവദാസനായ വില്യം ജകീന്താ പിതാവിൽ വിളങ്ങി പ്രശോഭിക്കുവാൻ ഇടയാക്കിയതിനെ ഓർത്ത്/ ഞങ്ങൾ അങ്ങേയ്ക്കു നന്ദി പറയുന്നു./അദ്ദേഹം അവിടുത്തെ പുത്രന്റെ അളവറ്റ സ്നേഹം ധ്യാനിക്കുകയും/വിശുദ്ധിയിലേക്കുള്ള സാർവ്വത്രിക വിളിയുടെ അക്ഷീണ പ്രേഷിതനാവുകയും ചെയ്തുവല്ലോ./അങ്ങ് തിരുമനസ്സാകുന്നുവെങ്കിൽ/അദ്ദേഹത്തിൽ അവിടുത്തെ മഹത്ത്വം വെളിപ്പെടുത്തണമെന്നും അദ്ദേഹത്തിന്റെ മാദ്ധ്യസ്ഥ്യം വഴിയായി ഞങ്ങൾ അപേക്ഷിക്കുന്ന ഈ കൃപ/....................ഞങ്ങൾക്കു നൽകണമെന്നും അങ്ങയോടു ഞങ്ങൾ അപേക്ഷിക്കുന്നു. ആമ്മേൻ.

**പ്രാർത്ഥന ആവശ്യപ്പെടാനും ലഭിച്ച അനുഗ്രഹങ്ങൾ സാക്ഷ്യപ്പെടുത്താനും അന്വേഷണങ്ങൾക്കും**

**Apostolic Oblates**
Spirituality Centre,
Manganam P.O.,
Kottayam - 686 018
Ph: 9497588192



# കൗമാരം പ്രശ്നകലുഷിതമോ?

**റവ. സി. ബിൻസി SdP**
**കൺസൾട്ടന്റ് സൈക്കോളജിസ്റ്റ്,**
**SBHSS ചങ്ങനാശ്ശേരി**

**കു**ട്ടിക്കാലത്തിനും യുവത്വത്തിനും ഇടയിലുള്ള കാലഘട്ടമാണ് കൗമാരം. കൂടുതൽ സ്വാതന്ത്ര്യത്തിൽ ജീവിക്കാനും പുതിയ പുതിയ കാര്യങ്ങൾ കണ്ടുപിടിക്കാനും ആഗ്രഹിക്കുന്ന കാലഘട്ടം. കുടുംബത്തിലുള്ളവരുമായുള്ള ബന്ധത്തിൽ കുറവ് സംഭവിക്കുകയും കൂട്ടുകാരുമായുള്ള ബന്ധത്തിൽ കൂടുതൽ താൽപര്യം കാണിക്കുകയും ചെയ്യുക എന്നത് ഈ കാലഘട്ടത്തിന്റെ പ്രത്യേകതയാണ്. തങ്ങൾ കുട്ടികളല്ല എന്നാൽ മുതിർന്നവരുമല്ല എന്ന ചിന്ത ഉള്ളതിനാൽ വളരെയധികം ആകുലതകളും അസ്വസ്ഥതകളും കുട്ടികളുടെ ഉള്ളിൽ ഉണ്ടാകുന്നു. കുട്ടിത്തത്തിൽനിന്നുള്ള കെട്ടുകളെല്ലാം പൊട്ടിച്ചെറിഞ്ഞ് മുതിർന്നവരുടെ തലത്തിലേക്കുയരാൻ ആഗ്രഹിക്കുന്നതുകൊണ്ട് സ്വാതന്ത്ര്യം കൂടുതൽ അനുഭവിക്കുവാനും ചില അവസരങ്ങളിൽ ഈ സ്വാതന്ത്ര്യം ദുരുപയോഗം ചെയ്യുവാനും കുട്ടികൾ ശ്രമിക്കാറുണ്ട്.

കുട്ടിക്കാലം മുതൽ മാതാപിതാക്കൾ പറയുന്നതനുസരിച്ചും ചെയ്തും അവരുടെ ചിറകിന്റെ തണലിൽ വളരുന്ന കുട്ടികൾ കൗമാരപ്രായം എത്തുന്നതോടെ സ്വതന്ത്രമായി നടക്കാൻ ആഗ്രഹിക്കുകയും പ്രതികരിക്കുകയും ചെയ്യുന്നത് മാതാപിതാക്കൾക്ക് വളരെയധികം ടെൻഷൻ ഉണ്ടാക്കുന്നുണ്ട്. കുട്ടികളുടെ സ്വഭാവത്തിലും ചിന്താരീതികളിലും പെരുമാറ്റത്തിലുമുള്ള മാറ്റങ്ങളെക്കുറിച്ച് മനസ്സിലാക്കിയാൽ പ്രശ്നങ്ങളെ കൈകാര്യം ചെയ്യുവാനും ആവശ്യമില്ലാത്ത കാര്യങ്ങൾക്ക് അമിത പ്രാധാന്യം നൽകാതിരിക്കുവാനും സാധിക്കും:

-കുട്ടികളുടെ തീരുമാനങ്ങൾ അംഗീകരിക്കപ്പെടണം എന്ന് അവർ ആഗ്രഹിക്കുന്നു;

-തങ്ങൾ വലിയവരാണ്, വളർന്നവരാണ് എന്ന് എല്ലാവരും സമ്മതിക്കണം;

-തങ്ങളെ എല്ലാവരും, പ്രത്യേകിച്ച് മാതാപിതാക്കൾ, ശ്രവിക്കണം, ഇഷ്ടങ്ങളും ആഗ്രഹങ്ങളും അവർ മനസ്സിലാക്കണം എന്ന് ആഗ്രഹിക്കുന്നു.

-തങ്ങളുടെ ഇഷ്ടങ്ങൾ സാധിക്കാതെ വരുമ്പോൾ, അഭിപ്രായങ്ങൾ അംഗീകരിക്കപ്പെടാതെ വരുമ്പോൾ, പ്രതികരണരീതിയിലും സ്വഭാവരീതിയിലും മാറ്റങ്ങൾ ഉണ്ടാകുന്നു.

അതുകൂടാതെ, സാമൂഹികമായ ചുറ്റുപാടുകൾ, മാതാപിതാക്കൾ തമ്മിലുള്ള പ്രശ്നങ്ങൾ, സാമ്പത്തിക പ്രതിസന്ധി, പ്രിയപ്പെട്ടവരുടെ വേർപാട്, അല്ലെങ്കിൽ അകലെയായിരിക്കുന്ന അവസ്ഥ, കൂട്ടുകാരുടെ സ്വാധീനം, കുടുംബത്തിലുള്ളവരുടെയോ തങ്ങളുടെയോ രോഗാവസ്ഥ, മറ്റു സമ്മർദ്ദങ്ങൾ എന്നിവയും പ്രായത്തിന്റെ പ്രത്യേകതകളും ഒത്തു വരുമ്പോൾ കൗമാരക്കാർക്ക് വളരെയധികം മാനസികസമ്മർദ്ദം ഉണ്ടാകാം. ഇങ്ങനെയുള്ള സാഹചര്യങ്ങളിൽ കുട്ടികളെ മനസ്സിലാക്കുവാനും കൂടെനിർത്തുവാനും സ്നേഹപൂർവ്വം തിരുത്തുവാനും ശാസിക്കാനും സാധിച്ചാൽ അത് കുട്ടികളിൽ മാറ്റങ്ങൾ ഉണ്ടാക്കും എന്നത് തീർച്ചയാണ്. അതിന് ഏറ്റവും അധികം സാധിക്കുന്നത് അവരുടെ കൂടെ കൂടുതൽ സമയം ചെലവഴിക്കുന്ന മാതാപിതാക്കൾക്കും അധ്യാപകർക്കുമാണ്.

കൗമാരപ്രായത്തിലെ മാറ്റങ്ങൾ താൽക്കാലികമാണ് എന്ന തിരിച്ചറിവാണ് ആദ്യം ഉണ്ടാകേണ്ടത്. എന്റെ കുട്ടി ഒരിക്കലും ഇങ്ങനെ ആയിരുന്നില്ല, ഇപ്പോൾ ഭയങ്കരമായി ദേഷ്യപ്പെടുന്നു, പ്രതികരിക്കുന്നു, അനുസരിക്കുന്നില്ല, അവന് എന്തോ സംഭവിച്ചു എന്നൊക്കെ കരുതി ഭയപ്പെടുകയോ, കുട്ടികൾ ഈ രീതിയിൽ ഇടപെടുമ്പോൾ നിഷേധാത്മകമായി കുട്ടികളോട് പ്രതികരിക്കുകയോ ചെയ്താൽ കാര്യങ്ങൾ കൂടുതൽ മോശമാകുകയേ ഉള്ളൂ.

കൗമാരപ്രായത്തിലെ കുട്ടികൾ നേരിടുന്ന പ്രശ്നങ്ങൾ മനസ്സിലാക്കിയാൽ അവരോട് ഇടപഴകുവാനും എളുപ്പമായിരിക്കും. നിസാര കാര്യങ്ങൾക്ക് അക്ഷമരാകുക, പെട്ടെന്ന് ശ്രദ്ധ മാറുക, മാറ്റങ്ങളോടു പ്രതികരിക്കുക, എന്തിനെയും ചോദ്യം ചെയ്യുക, ആത്മവിശ്വാസക്കുറവ് അനുഭവപ്പെടുക, സുരക്ഷിതത്വം നോക്കാതെ റിസ്ക് എടുക്കുക, മറ്റുള്ളവരെ പ്രത്യേകിച്ച് കൂട്ടുകാരെ ചൂഷണം ചെയ്യുക, മുതിർന്നവരുമായി തർക്കിക്കുക, കള്ളം പറയുക, പെട്ടെന്ന് മൂഡ് മാറുക, മറ്റുള്ളവർ തങ്ങളെപ്രതി വിഷമിച്ചാലും അതു ബാധകമാകാതിരിക്കുക, തിരിച്ചടിക്കാൻ അവസരം പാർത്തിരിക്കുക ഇതെല്ലാം കുട്ടികളുടെ സ്വഭാവത്തിൽ ഉണ്ടാകാവുന്ന, കണ്ടുവരുന്ന പ്രശ്നങ്ങളാണ്. കുട്ടികളുമായി പ്രത്യേകിച്ച് കൗമാരപ്രായക്കാരുമായി അടുത്ത് ഇടപഴകുന്ന മാതാപിതാക്കളും അധ്യാപകരും അറിഞ്ഞിരിക്കേണ്ട പ്രധാനപ്പെട്ട ചില കാര്യങ്ങളാണ് താഴെ പറയുന്നത്.

**1. കള്ളം പറയുക**

കൗമാരപ്രായത്തിൽ കുട്ടികളിൽ കണ്ടുവരുന്ന പൊതുവായ ഒരു പ്രശ്നമാണ് സ്വയം രക്ഷപ്പെടാൻ കള്ളം പറയുക എന്നത്. എന്തെങ്കിലും കുറ്റത്തിന് പിടിക്കപ്പെട്ടാൽ അതിൽനിന്ന് രക്ഷപ്പെടുവാനോ തങ്ങൾക്കാവശ്യമുള്ള എന്തെങ്കിലും കാര്യം നേടിയെടുക്കുന്നതിനോ ആയിരിക്കാം കുട്ടികൾ കള്ളം പറയുന്നത്. എന്നാൽ അത് മറ്റുള്ളവരെ എത്രയധികം വിഷമത്തിലാക്കുന്നു എന്നുള്ള തിരിച്ചറിവ് കുട്ടികൾക്കില്ല. അതിന്റെ പേരിൽ മാതാപിതാക്കളും അതുപോലെ അധ്യാപകരും വേദനിച്ചാലും തങ്ങളുടെ ഭാഗം ശരിയാണെന്ന് അവർ വിശ്വസിക്കുന്നു. അമിതമായി വഴക്കുപറയുകയും ശിക്ഷിക്കുകയും ചെയ്യുന്ന വ്യക്തികളുടെ അടുത്ത് സ്വയം രക്ഷപ്പെടുവാൻ കള്ളം പറയുവാനുള്ള സാധ്യത കൂടുതലാണ്. പിന്നീട് കള്ളം പറയുക എന്നത് കുട്ടിയുടെ സ്വഭാവത്തിന്റെ ഭാഗമായി മാറുന്നു, ശീലമായി മാറുന്നു.

കുട്ടികൾ കള്ളം പറയുന്നു എന്ന് മുതിർന്നവർക്ക് കൃത്യമായി മനസ്സിലാകുന്ന സാഹചര്യങ്ങളിൽ അമിതമായി ശിക്ഷിച്ചും വഴക്കുപറഞ്ഞും അതു തെളിയിക്കാൻ ശ്രമിക്കുന്നത്

ശരിയായ രീതിയല്ല. കള്ളമാണ് പറഞ്ഞത് അല്ലെങ്കിൽ കള്ളത്തരമാണ് ചെയ്തത് എന്ന് തങ്ങൾക്ക് മനസ്സിലായി എന്ന് അവരെ ബോധ്യപ്പെടുത്തുക, പിന്നീട് കുട്ടികൾ തെറ്റ് സ്വയം ബോധ്യപ്പെട്ടുകൊള്ളും.

**2. റിസ്ക് എടുക്കുക**

കൗമാരപ്രായക്കാരിൽ കണ്ടുവരുന്ന മറ്റൊരു പ്രത്യേകതയാണ് റിസ്ക് എടുക്കുന്ന സ്വഭാവരീതി. വ്യത്യസ്തമായി എന്തെങ്കിലും ചെയ്യുക എന്ന ചിന്തയോടെയോ, കൂട്ടുകാരെ സഹായിക്കുവാനോ, സെലിബ്രിറ്റികളെ അനുകരിക്കുവാനോ ആയിരിക്കാം അവർ ശ്രമിക്കുന്നത്. മുതിർന്നവരെ അനുകരിക്കാൻവേണ്ടിയും പരീക്ഷണാർത്ഥവും മദ്യം, മയക്കുമരുന്ന് തുടങ്ങിയവ ഉപയോഗിക്കുവാൻ ശ്രമിക്കുന്നു. വിവേകമില്ലാതെ എടുത്തുചാടി കാര്യങ്ങൾ ചെയ്യുന്നതിന്റെ ദോഷവശങ്ങളെക്കുറിച്ച് കുട്ടികളെ പറഞ്ഞു മനസ്സിലാക്കുക. ആവശ്യമുള്ള സാഹചര്യങ്ങളിൽ കൗൺസിലിങ്ങിനുള്ള അവസരങ്ങളും ബോധവൽക്കരണ ക്ലാസുകളും നല്കുന്നത് വളരെ ഫലപ്രദമാണ്.

**3. അമിതമായ ദേഷ്യം**

പൊതുവേ അധികം ദേഷ്യമൊന്നും പ്രകടിപ്പിക്കാതിരുന്ന ഒരു കുട്ടി കൗമാരപ്രായത്തിലേക്ക് കടക്കുന്നതോടെ നിസ്സാര കാര്യങ്ങൾക്കുപോലും ദേഷ്യം പ്രകടിപ്പിക്കുന്നതിന്റെ ഭാഗമായി കതകു വലിച്ചടക്കുകയും, വലിയ സ്വരത്തോടുകൂടി വീട്ടിലുള്ള സാധനങ്ങൾ വയ്ക്കുകയും എടുക്കുകയും നശിപ്പിക്കുകയും ചെയ്യാറുണ്ട്. മറ്റെന്തെങ്കിലും കാരണങ്ങളുടെ ഫലമായാണ് സാധാരണ ഇങ്ങനെ സംഭവിക്കുന്നത്. മുറിപ്പെട്ട സാഹചര്യങ്ങൾ, ഭയം, ലജ്ജ, കളിയാക്കലുകൾ കേൾക്കേണ്ടി വരുന്ന അവസ്ഥ, മറ്റുള്ളവർ താഴ്ത്തിക്കെട്ടി സംസാരിക്കുന്നത് ഇവയെല്ലാം ദേഷ്യപ്പെടുവാനുള്ള കാരണങ്ങളാണ്.

ഡോ. അലർഹാൻഡിന്റെ അഭിപ്രായത്തിൽ കൗമാരപ്രായത്തിൽ ടെസ്റ്റോസ്റ്റെറോൺ, ഈസ്ട്രജൻ ഹോർമോണുകൾ ശരീരത്തെ നിയന്ത്രിക്കുന്നതിനാൽ കുട്ടികളുടെ മൂഡ് പെട്ടെന്ന് മാറിക്കൊണ്ടിരിക്കും. സാഹചര്യം മനസ്സിലാക്കി പെരുമാറുവാനും പ്രവർത്തിക്കുവാനും തക്കവിധം കുട്ടികളുടെ ബ്രെയിൻ വളർച്ചയെത്തി കഴിഞ്ഞിട്ടില്ല എന്നതാണ് മുതിർന്നവർ മനസ്സിലാക്കേണ്ടത്. അദ്ദേഹം പറയുന്നു, കുട്ടികളുടെ പ്രശ്നം മുതിർന്നവർക്ക് നിസ്സാരമായിരിക്കാം. പക്ഷേ കുട്ടികൾക്ക് അത് വലിയ ഒരു പ്രശ്നം തന്നെയാണ്. അതുകൊണ്ട് കുട്ടികൾ ബുദ്ധിമുട്ടുകൾ പറയുമ്പോൾ അതിനെ നിസാരമായി തള്ളിക്കളയാതെ, ഇതാണോ കാര്യം എന്ന് കരുതി നിസ്സാരമാക്കാതെ, അതിനെപ്പറ്റി കൂടുതൽ ചോദിക്കുവാനും അറിയുവാനും മനസ്സിലാക്കുവാനും താല്പര്യം കാണിക്കുക.

ഇങ്ങനെയൊക്കെയായാലും മുതിർന്നവർ, പ്രത്യേകിച്ച് മാതാപിതാക്കൾ സ്വയം വിലയിരുത്തലിന് വിധേയമാക്കുന്നത് നന്നായിരിക്കും. കുട്ടികൾ എപ്പോഴും അനുകരിക്കാൻ സാധ്യതയുള്ള വ്യക്തികളാണ് മാതാപിതാക്കൾ. കുട്ടിക്ക് ഭയങ്കര ദേഷ്യമാണ് എന്ന് പറയുന്ന മാതാപിതാക്കളോടു സംസാരിക്കുമ്പോൾ മനസ്സിലാകുന്ന കാര്യം, ദേഷ്യം വരുമ്പോൾ മാതാപിതാക്കൾ ചെയ്യുന്ന അതേ രീതി തന്നെയാണ് കുട്ടിയും അനുകരിക്കുന്നത് എന്നാണ്. ഇതേക്കുറിച്ച് സംസാരിക്കുമ്പോഴാണ് പല മാതാപിതാക്കൾക്കും തിരിച്ചറിവ് ഉണ്ടാകുന്നത്.

(തുടരും)

# സെനക്കിൾ തരംഗം

### സന്ദേശം

മിശിഹായിൽ പ്രിയപ്പെട്ട വൈദികസഹോദരരേ, രക്ഷാകരചരിത്രത്തിന്റെ കേന്ദ്ര ബിന്ദുവും ക്രൈസ്തവവിശ്വാസത്തിന്റെ ആധാരശിലയുമാണ് ഈശോമിശിഹായുടെ ഉയിർപ്പ് (1 കോറി 15,12-19). ഉത്ഥാനത്തിലൂടെ അവിടുന്നു പാപത്തിന്റെയും മരണത്തി ന്റെയുംമേൽ വിജയംനേടി. മനുഷ്യകുലത്തിനു നവജീവൻ പ്രദാനം ചെയ്ത് ഭാവിമഹ ത്ത്വത്തിനുള്ള പ്രത്യാശ നല്കി. "എന്റെ കർത്താവേ എന്റെ ദൈവമേ" എന്ന തോമാ ശ്ലീഹായുടെ വിശ്വാസപ്രഖ്യാപനം നമ്മുടെ കുർബാനയിലും യാമപ്രാർത്ഥനകളിലു മെല്ലാം പ്രതിഫലിക്കുന്നുണ്ട്. ഉത്ഥിതനായ മിശിഹായിലുള്ള വിശ്വാസമാണല്ലോ നമ്മുടെ ക്രൈസ്തവജീവിതത്തിന് അർത്ഥവും ലക്ഷ്യബോധവും നല്കുന്നത്. ഈ വിശ്വാസം ഉണർത്തിയും വളർത്തിയും അജപാലനശുശ്രൂഷ നിർവഹിക്കുവാൻ നമുക്കു പരിശ്ര മിക്കാം.

ഉയിർപ്പുതിരുനാളിന്റെ മംഗളങ്ങൾ എല്ലാവർക്കും ആശംസിക്കുന്നു.

പ്രാർത്ഥനാശംസകളോടെ

**മല്പാൻ മാത്യുവെള്ളാനിക്കൽ**
**സ്ഥാപകഡയറക്ടർ**

### സെനക്കിൾ വാർത്തകൾ

അപ്പസ്തോലിക് സൊദാലെസ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ജനറൽ കൗൺസിൽ 2024 മാർച്ച് 11 മുതൽ 18 വരെ യൂറോപ്പിലെ ലാത്വിയായിൽവച്ച് നടന്നു. ലാത്വിയായിലെ റീഗാ രൂപതയിൽവച്ചു നടന്ന മീറ്റിംഗിനോടനുബന്ധിച്ച് ആ രൂപതയുടെ മെത്രാനും വൈദി കരുമായി ബന്ധപ്പെടുകയും, അവരോട് ഇൻസ്റ്റിറ്റ്യൂട്ടിനെക്കുറിച്ചു സംസാരിക്കുകയും ചെയ്തു. അപ്പസ്തോലിക് ഒബ്ലേറ്റ്സിന്റെ ഒരു സമൂഹം അവിടെയുള്ളതുകൊണ്ട്, രൂപതാ മെത്രാനും വൈദികരുമായുള്ള ബന്ധപ്പെടൽ ഫലപ്രദമായ രീതിയിൽ നടത്താൻ സഹാ യകരമായി.



# ഉരുട്ടിമാറ്റാത്ത കല്ലുകൾ

ഷിനി തെരേസ് മുതുപ്ലാക്കൽ

**"ഈ**ശോമിശിഹായ്ക്കു സ്തുതിയായിരിക്കട്ടെ". വികാരിയച്ചൻ വരുന്നതുകണ്ട് മാത്യു സന്തോഷപൂർവം സ്തുതിചൊല്ലി സ്വീകരിച്ചു.

"ഈ ഇടവകയിൽ വന്നിട്ട് രണ്ടു മാസമായില്ലേ... എല്ലാവരെയുമൊക്കെ ഒന്നു കണ്ടു പരിചയപ്പെടാമെന്നു വച്ച് ഭവനസന്ദർശനത്തിനിറങ്ങിയതാണ്..." വികാരിയച്ചൻ തന്റെ ആഗമനോദ്ദേശ്യം വെളിപ്പെടുത്തി. അച്ചനെ സ്വീകരണമുറിയിൽ ഇരുത്തിയപ്പോഴേയ്ക്കും ഗ്രേസിക്കുട്ടി അവിടെ എത്തിക്കഴിഞ്ഞിരുന്നു.

"ഇതെന്റെ ഭാര്യയാണ്. ഗ്രേസിക്കുട്ടിയെന്നാണ് ...". മാത്യു പറഞ്ഞു തീർക്കുന്നതിനുമുമ്പേ ഗ്രേസിക്കുട്ടി പറഞ്ഞുതുടങ്ങി... "അച്ചാ, ഞാൻ ഗ്രേസിക്കുട്ടി. ഇവിടുത്തെ മാതൃവേദി പ്രസിഡന്റാണ്".

മാത്യുവിന്റെ മുഖം ചെറുതായൊന്നു മങ്ങിയതു കണ്ടില്ലെന്നു നടിച്ച വികാരിയച്ചൻ ഗ്രേസിക്കുട്ടിയോടു ചോദിച്ചു: "എന്നിട്ട് കഴിഞ്ഞയാഴ്ച മീറ്റിംഗ് വിളിച്ചുകൂട്ടിയപ്പോൾ കണ്ടില്ലല്ലോ".

"എന്റെയച്ചാ, അതിനൊന്നും മുടക്കം വരുത്തരുതെന്നാണ് ആഗ്രഹം. പക്ഷേ, പലപ്പോഴും നടക്കാറില്ല. ഞാൻ ഓക്സ്ഫോഡ് യൂണിവേഴ്സിറ്റിയിൽനിന്നും സൈക്കോളജിയിൽ ഡോക്ടറേറ്റ് എടുത്തിട്ടുണ്ട്. അതുകൊണ്ട് മിക്കവാറും ആരെങ്കിലുമൊക്കെ എന്തെങ്കിലും ആവശ്യങ്ങൾക്ക് നിരന്തരം വിളിച്ചുകൊണ്ടിരിക്കും. എപ്പോഴും തിരക്കാന്നേ. അതുകൊണ്ടാ വരാൻ പറ്റാത്തത്".

"അതുകൊള്ളാം... ഭർത്താവും ഭാര്യയും ഒരേ വിഷയത്തിൽത്തന്നെയാണല്ലോ ഗവേഷണം നടത്തിയിട്ടുള്ളത്. മാത്യുവിന്റെ കാര്യം ചാക്കോച്ചൻ പറഞ്ഞറിഞ്ഞായി..."

“ഓ, മാത്യൂന് നമ്മുടെ നാട്ടിലെ യൂണിവേഴ്സിറ്റിയുടെ സർട്ടിഫിക്കറ്റേയുള്ളൂ. വിദേശത്തുനിന്നും ഡോക്ടറേറ്റ് എടുത്തിട്ടുള്ളതിനാലാണ് പലരും എന്നെ ക്ലാസെടുക്കാനൊക്കെ വിളിക്കുന്നത്”. വികാരിയച്ചൻ പറഞ്ഞുവന്നതു പൂർത്തിയാകുന്നതിനുമുമ്പേ ഗ്രേസിക്കുട്ടി ഒറ്റ ശ്വാസത്തിൽ വിശദീകരിച്ചു. മാത്യുവിന്റെ മുഖത്തിന്റെ മഞ്ഞളിപ്പു കൂടി!

“ഞാൻ പറയാനുദ്ദേശിച്ചത് മറ്റൊരു കാര്യമായിരുന്നു. നമ്മുടെ ഇടവകയിൽ തുടങ്ങാൻ പോകുന്ന പാലിയേറ്റീവ് കെയറിന്റെ നേതൃത്വംവഹിക്കാൻ, സൈക്കോളജിയൊക്കെ പഠിച്ചയാളെന്ന നിലയ്ക്ക് മാത്യുവിനെയാണ് പലരും നിർദ്ദേശിച്ചിരിക്കുന്നത്. അതിന്റെ കാര്യങ്ങൾ ഒന്നു ചർച്ചചെയ്യാൻവേണ്ടിക്കൂടിയാണ് ഞാൻ വന്നത്”.

ഇപ്പോഴും മാത്യുവിന് മറുപടി പറയേണ്ടി വന്നില്ല! ഗ്രേസിക്കുട്ടി തുടങ്ങിക്കഴിഞ്ഞു... “ഓ... മാത്യൂന് അങ്ങനെയുള്ള പൊതുപ്രവർത്തനങ്ങളോടൊന്നും താല്പര്യമില്ലന്നേ. വീടും കൃഷിയുമൊക്കെയായി ഇങ്ങനെ പോകാനാ ഇഷ്ടം. ഒരു കണക്കിന് അതാ നല്ലത്. പലതിലും ഇടപെട്ട് ടെൻഷനടിച്ച് വെറുതേ ആരോഗ്യം കളയണ്ട കാര്യമില്ലല്ലോ. അല്ലേ മാത്യൂ...?”

മറുപടി എന്തു പറയണമെന്ന് മനസ്സിൽ ആലോചിച്ചുകൊണ്ടിരുന്ന മാത്യുവിനെ രക്ഷപെടുത്താനെന്നവണ്ണം മറ്റു പല വിഷയങ്ങളും പറഞ്ഞ് വികാരിയച്ചൻ ആ സന്ദർശനം അവസാനിപ്പിച്ചു.

പിന്നീടൊരു ദിവസം അച്ചനെ കാണാൻ മാത്യു എത്തി. “ഉയിർപ്പുതിരുനാളിന്റെയന്ന് അച്ചൻ പ്രസംഗിച്ചല്ലോ മരണത്തെ തോല്പിച്ച് ഉയിർത്തെഴുന്നേറ്റ ഈശോ നമുക്ക് പ്രത്യാശ നല്കുന്നു എന്ന്. ഈശോ  മൂന്നാം ദിനം ഉയിർത്തു. മുപ്പതുകൊല്ലമായിട്ട് ഞാൻ ഇപ്പോഴും കല്ലറയിൽത്തന്നെയാ... അവിടെനിന്ന് എനിക്കൊരു ഉയിർപ്പുണ്ടാകുമോ അച്ചാ...” അന്ന് മനസ്സു തുറന്ന് മാത്യു സംസാരിച്ചു. എല്ലാവരുടെയും മുമ്പിൽ എപ്പോഴും സ്വന്തം കാര്യങ്ങൾ ഉയർത്തിക്കാട്ടി വീമ്പിളക്കുന്ന ഭാര്യയുടെ സംസാരം സ്വീകരിക്കാൻ മാത്യു തയ്യാറാണ്. എന്നാൽ സ്വയം പുകഴ്ത്തലിനോടൊപ്പം, സാധിക്കുന്ന സമയത്തൊക്കെ തന്നെ ഇകഴ്ത്തി സംസാരിക്കുന്ന ഗ്രേസിക്കുട്ടിയെ സഹിക്കാൻ ആ സാധു പാടുപെടുന്നുണ്ടെന്ന് അച്ചനു മനസ്സിലായി. ഭാര്യയുടെ ‘ഈഗോ’മൂലമാണ് തനിക്കുണ്ടായിരുന്ന നല്ല ജോലി മാത്യു രാജിവച്ചത്. പൊതുപ്രവർത്തനവുമായി ഭാര്യ പുറത്തുപോകുമ്പോഴാണ് അദ്ദേഹം സമാധാനമനുഭവിക്കുന്നത്. താൻ ചെയ്യുന്ന ‘ശരി’കൾ മാത്യു ചെയ്താൽ അത് ഗ്രേസിക്കുട്ടിക്ക് തെറ്റാകും! പഠിച്ചതു മനഃശാസ്ത്രമാണെങ്കിലും സ്വന്തം മനസ്സിന്റെ അവസ്ഥ തിരിച്ചറിയാൻ ആ സ്ത്രീയ്ക്കാവുന്നില്ല!! കുടുംബത്തിൽ കൂടെയുള്ളവന്റെ മനസ്സുവിങ്ങുന്നതു കാണാനും വേണ്ടതുപോലെ പെരുമാറാനും ആ മനഃശാസ്ത്രജ്ഞയ്ക്കാവുന്നില്ല!!! നാട്ടുകാരുടെ മുമ്പിൽ കുടുംബത്തിന്റെ വില പോകാതിരിക്കാനാണ് തനിക്ക് ഒരു വേലക്കാരന്റെ വിലപോലും തരാതെ എപ്പോഴും കുറ്റപ്പെടുത്തൽ മാത്രമായി നടക്കുന്ന ഭാര്യയുമായി പൊരുത്തപ്പെട്ടു പോകുവാൻ മാത്യു ശ്രമിക്കുന്നത്.

ചിലരങ്ങനെയാണ്... കൂടെയുള്ളവരെ എപ്പോഴും കല്ലറയ്ക്കുള്ളിലടയ്ക്കുന്നവരും അടക്കുന്നവരും. എന്നേക്കാളുപരി മറ്റുള്ളവർ, അത് സ്വന്തം കുടുംബാംഗങ്ങളാണെങ്കിൽപോലും, വളരുന്നത് അസഹനീയമായുള്ളവർ... തനിക്കില്ലാത്തതൊന്ന് അപരനുണ്ടാകുന്നതു കാണുമ്പോളുണ്ടാകുന്ന വികാരമാണല്ലോ അസൂയ. അസൂയമൂലമാണ് കായേൻ ആബേലിനെ കൊന്നത്. അപരന്റെ നീതിപൂർവകമായ ആവശ്യങ്ങളെയും ആഗ്രഹങ്ങളെയും ആണിയടിച്ചുറപ്പിക്കുന്നവർ അവസാനിപ്പിക്കുന്നത് അവരുടെ അസ്തിത്വത്തെയും ആവതുകളെയുമാണ്. അവരെ അടക്കം ചെയ്തിരിക്കുന്ന കല്ലറകളിൽനിന്ന്, ഉരുട്ടിമാറ്റാത്ത കല്ലുകൾ വച്ച് മുദ്രവച്ചിരിക്കുന്ന കല്ലറകളിൽനിന്ന്, അവർക്കു മോചനം സാധ്യമാക്കേണ്ടതല്ലേ...?

# അമ്മയ്ക്കൊപ്പം അനുഗ്രഹവഴിയെ



എലിസബത്ത് കണ്ടത്തിൽ
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

**ഒന്നാം ദിവ്യരഹസ്യം:**

ഉയിർപ്പ് പ്രത്യാശയുടെ ആഘോഷമാണ്. ഏതൊരു തകർച്ചയ്ക്കു ശേഷവും ഉയർച്ചയിലേയ്ക്കൊരു വഴി ശേഷിക്കുന്നുണ്ട് എന്ന് പ്രതീക്ഷ നൽകുന്ന ഈശോയെ നമുക്കു ധ്യാനിക്കാം.

*1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

**രണ്ടാം ദിവ്യരഹസ്യം:**

ഒരു നീർകുമിള പോലെ ക്ഷണികമാണ് ജീവിതം എന്ന് അനുസ്മരിപ്പിക്കുമ്പോഴും നിത്യജീവൻ എന്ന സുന്ദരസ്വപ്നം നമുക്ക് വാഗ്ദാനം ചെയ്യുന്ന ഈശോയെ ധ്യാനിക്കാം.

*1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

**മൂന്നാം ദിവ്യരഹസ്യം:**

ഭൗതികഅധികാരം വിധിച്ച മരണത്തിനു വിധേയനാകുകയും എന്നാൽ മരണത്തെ പരാജയപ്പെടുത്തി മൂന്നാം നാൾ ഉത്ഥാനം ചെയ്യുകയും ചെയ്ത ഈശോയെ നമുക്ക് ധ്യാനിക്കാം.

*1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

**നാലാം ദിവ്യരഹസ്യം:**


ഈശോമിശിഹായുടെ ഉയിർപ്പ് ഒരു തിരിച്ചുവരവിനുള്ള ആഹ്വാനമാണ്. നമ്മുടെ ജീവിതങ്ങളിൽ സംഭവിച്ചു പോയിട്ടുള്ള എല്ലാ വീഴ്ചകളെയും പരാജയങ്ങളെയും ഏറ്റെടുക്കുന്ന ഈശോയെ നമുക്ക് ധ്യാനിക്കാം.

*1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

**അഞ്ചാം ദിവ്യരഹസ്യം:**

അനന്തസ്നേഹത്താൽ എന്നും ഞങ്ങളോടുകൂടെ ആയിരിക്കുവാൻ പരിശുദ്ധ കുർബാനയായിതീർന്ന ഈശോയെ നമുക്ക് ധ്യാനിക്കാം.

*1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*


“നീർച്ചാൽ തേടുന്ന
മാൻപേടയെപ്പോലെ,
ദൈവമേ,
എന്റെ ഹൃദയം
അങ്ങയെ തേടുന്നു.
എന്റെ ഹൃദയം
ദൈവത്തിനായി ദാഹിക്കുന്നു;
ജീവിക്കുന്ന ദൈവത്തിനായിത്തന്നെ.
എപ്പോഴാണ് എനിക്കു
ദൈവസന്നിധിയിലെത്തി
അവിടുത്തെ കാണാൻ കഴിയുക!”
(സങ്കീ 42,1-2)

PRATHEEKSHAYUDE POOMOTTUKAL (Malayalam Monthly)
RNI: KERMAL/2014/59983
Published on 24th March 2024



സ്വർഗത്തിൽനിന്നുള്ള നിത്യപ്രകാശമായ ഞങ്ങളുടെ
കർത്താവേ, മനുഷ്യപ്രകൃതിയോടുകൂടെ നീ സ്വർഗത്തിലേക്കു
കരേറുകയും, ഉന്നതസിംഹാസനത്തിൽ
പിതാവിന്റെ വലത്തുഭാഗത്ത് ഇരിക്കുകയും ചെയ്തു.
നിന്നിൽ നിദ്ര പ്രാപിക്കുന്ന എല്ലാവരും
ഉയിർക്കുമെന്ന പ്രത്യാശ ഞങ്ങൾക്കു നല്കാനായി
ഉയിർത്തെഴുന്നേറ്റ് മരിച്ചവരിൽനിന്നുള്ള
ആദ്യഫലമായിത്തീർന്ന കർത്താവേ,
ഞങ്ങൾക്കു ശാന്തിയും സമാധാനവും പ്രദാനം ചെയ്യണമേ.

Printed, Published & Owned by Shiny Andrews Muthuplackal, Spirituality Centre, Manganam P.O., Kottayam - 686 018; Printed at WiGi Printers, Manganam P.O., Kottayam - 686 018, Ph:0481-2570862, Email: wigipress@gmail.com; Published at Spirituality Centre, Manganam P.O., Kottayam - 686 018, Mob: 9497588192, Email: psmktm@gmail.com
Editor: Fr. Mathew Vellanickal